## പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി XIV
# (ആഭ്യന്തരകാര്യങ്ങൾ)

## 2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ
## റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2014 ജൂലൈ 15-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി XIV
# (ആഭ്യന്തരകാര്യങ്ങൾ)

## 2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത് ]

995/2014.

ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി XIV

## ആഭ്യന്തരകാര്യങ്ങൾ

## (2013-2016)

### ഘടന

അദ്ധ്യക്ഷൻ:

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. ബെന്നി ബെഹനാൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ മൂന്നാമത് റിപ്പോർട്ട് 10-6-2013-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 12-2-2014, 19-5-2014, 9-7-2014 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ പ്രസ്തുത റിപ്പോർട്ടിൽ ഇനിയും മറുപടി ലഭിക്കുവാനുള്ള ശുപാർശകളുടെ വിവരവും ഉൾപ്പെടുത്തിയിരിക്കുന്നു .

2014 ജൂലൈ 9-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2014 ജൂലൈ 9.

**ഉമ്മൻ ചാണ്ടി,**
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി XIV.*

# റിപ്പോർട്ട്

## ഭാഗം 1

## 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

ശുപാർശ

2013 —മന്ത്രിസഭ

2013-00-101-99-01-4—മന്ത്രിമാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മുൻവർഷം 23,60,149 രൂപ ഈ ഇനത്തിൽ ചെലവ് വന്നിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 13,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക ധനാനുമതിവഴി 1,00,000 രൂപയും ധനപുനർവിനിയോഗംവഴി 5,00,000 രൂപയും ലഭിച്ചു. ആകെ 17,59,169 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 23813/ബി.ഡബ്ല്യൂ2/2013/പൊ.ഭ.വ. തീയതി 17-5-2014)

ശുപാർശ

2013-00-104-98—മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും പ്രതിപക്ഷനേതാവിന്റെയും ഗാർഹിക ചെലവുകൾ

ഈ വർഷത്തെ ചെലവുകൾക്കും മുൻവർഷത്തെ ബാദ്ധ്യത തീർക്കുന്നതിനുമായി നടപ്പുവർഷത്തെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 95,80,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

ഈ വർഷത്തെ ചെലവുകൾക്കും മുൻവർഷത്തെ ബാദ്ധ്യത തീർക്കുന്നതിനുമായി നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 95,80,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന സമിതിയുടെ ശുപാർശയിന്മേൽ 2013-2014 സാമ്പത്തികവർഷത്തിൽ ധനപുനർവിനിയോഗം/അധിക ധനാനുമതിവഴിയും ലഭിച്ച തുകകൾ ഉൾപ്പെടുത്തുമ്പോൾ ഈ കണക്കിനത്തിൽ മൊത്തം 4,57,81,160 രൂപ അനുവദിച്ചിട്ടുള്ളതും അതിൽ 3,79,94,613 രൂപ ചെലവഴിച്ചിട്ടുള്ളതുമാകുന്നു.

(സർക്കാർ കത്ത് നമ്പർ 23813/ബി.ഡബ്ല്യൂ2/13/പൊ.ഭ.വ. തീയതി 26-5-2014 )

<u>ശുപാർശ</u>

2013-00-104-99 —<u>അതിഥി സൽക്കാര ചെലവുകൾ</u>

കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക തീർക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമേ 20,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത തുക ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 23813/ബി.ഡബ്ല്യൂ2/2013/പൊ.ഭ.വ. തീയതി 17-5-2014)

<u>ശുപാർശ</u>

2013-00-108-99—<u>സഞ്ചാര ചെലവുകൾ</u>

കഴിഞ്ഞവർഷം ചെലവായ 2,02,00,000 രൂപ ഈ സാമ്പത്തികവർഷവും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 42,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക ധനാനുമതിവഴി ആകെ 1,20,00,000 രൂപ ലഭിച്ചു. ആകെ 2,79,74,442 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 23813/ബി.ഡബ്ല്യൂ2/2013/പൊ.ഭ.വ. തീയതി 17-5-2014)

<u>ശുപാർശ</u>

2051-00-102-99 —<u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

04 —<u>യാത്രാച്ചെലവ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷാജോലികൾക്കായി നിയോഗിക്കപ്പെടുന്ന ജീവനക്കാർ, ഇന്റർവ്യൂ നടത്തുന്നതിനായി കമ്മീഷൻ അംഗങ്ങൾ, വിഷയ വിദഗ്ദ്ധർ തുടങ്ങിയവരുടെ യാത്രാച്ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി ശുപാർശ മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2013-14 സാമ്പത്തികവർഷത്തിൽ ആകെ 2,30,00,000 രൂപ ആവശ്യപ്പെട്ടിരുന്നതിൽ 88,11,000 രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. 2013-14 വർഷത്തിൽ ഏകദേശം 30 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾ വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തിക ഉൾപ്പെടെ വിവിധ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പി.എസ്.സി. നടത്തുന്ന വിവിധ പരീക്ഷാ ജോലികൾക്കായി നിയോഗിക്കപ്പെടുന്ന ജീവനക്കാർ, ഇന്റർവ്യൂ നടത്തുന്നതിനായി കമ്മീഷൻ അംഗങ്ങൾ, വിഷയ വിദഗ്ദ്ധർ തുടങ്ങിയവരുടെ യാത്രാ ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ കൂടി അനുവദിക്കുവാൻ വിഷയനിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. ടി ശീർഷകത്തിൽ നാളിതുവരെ 66 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. യാത്രാച്ചെലവിനത്തിൽ 60 ലക്ഷം രൂപ കൂടി അനുവദിക്കുവാൻ പി.എസ്.സി. സർക്കാരിനോട് അഭ്യർത്ഥിക്കുകയും 25-9-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 7491/13/ഫിൻ. ഉത്തരവ് പ്രകാരം ഈ ശീർഷകത്തിൽ 10,00,000 (പത്ത് ലക്ഷം) രൂപ അധികമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 59632/സ്പെ.ഇ. 1/2013/പൊ.ഭ.വ. തീയതി 1-11-2013)

<u>ശുപാർശ</u>

06 —<u>വാടക, കരം, നികുതി</u>

കമ്മീഷന്റെ വിവിധ ജില്ലാ-മേഖലാ ഓഫീസുകൾ, ഗസ്റ്റ് ഹൗസ്, ചെയർമാന്റെ ഔദ്യോഗിക വസതി എന്നിവയുടെ വാടക ഒടുക്കുന്നതിലേക്കായി ബജറ്റ് വിഹിതമായി അനുവദിച്ച തുകയ്ക്ക് പുറമേ ഈ സാമ്പത്തികവർഷം 15,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കമ്മീഷന്റെ വിവിധ ജില്ലാ-മേഖലാ ഓഫീസുകൾ, ഗസ്റ്റ് ഹൗസ്, ചെയർമാന്റെ ഔദ്യോഗിക വസതി എന്നിവയുടെ വാടക ഒടുക്കുന്നതിലേക്കായി 2013-14 വർഷത്തെ ബജറ്റ് വിഹിതമായി അനുവദിച്ചത് 66,00,000 രൂപയാണ്. ടി തുക അപര്യാപ്തമാണെന്ന് വിഷയനിർണ്ണയ സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ടി ശീർഷകത്തിൽ 30 ലക്ഷം രൂപകൂടി അധിക വിഹിതമായി അനുവദിക്കണമെന്ന്

16-8-2013 ന് സർക്കാരിന് കത്ത് സമർപ്പിച്ചിരുന്നു. 2013-14 സാമ്പത്തികവർഷത്തിലെ അനുവദിച്ച ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചു. 25-9-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 7491/13/ഫിൻ. ഉത്തരവ് പ്രകാരം ഈ ശീർഷകത്തിൽ 10,00,000 (പത്ത് ലക്ഷം) രൂപ അധികമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 59632/സ്പെ.ഇ 1/2013/പൊ.ഭ.വ. തീയതി 1-11-2013)

<u>ശുപാർശ</u>

28 —<u>തൊഴിൽപരമായ പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം (പി.പി.എസ്.എസ്.)</u>

വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ ഈ സാമ്പത്തികവർഷം നടത്താൻ കമ്മീഷൻ തീരുമാനിച്ചിട്ടുള്ളതായും ഈ സാഹചര്യത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 6,50,00,000 രൂപ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മേൽപ്പറഞ്ഞ ശീർഷകത്തിൽ 2013-14 സാമ്പത്തികവർഷത്തിൽ 6.5 കോടി രൂപയാണ് അധികമായി അനുവദിച്ചിട്ടുള്ളത്. 15 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിച്ചിട്ടുള്ള എൽ.ഡി. ക്ലാർക്ക് ഉൾപ്പെടെയുള്ള വിവിധ തസ്തികകളിലേക്കുള്ള പരീക്ഷ ഈ വർഷംതന്നെ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽപ്പറഞ്ഞ തുക അപര്യാപ്തമാണെന്ന് വിഷയനിർണ്ണയ സമിതി വിലയിരുത്തുകയും ടി ഇനത്തിൽ 1 കോടി രൂപകൂടി അധിക വിഹിതമായി അനുവദിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

(സർക്കാർ കത്ത് നമ്പർ 59632/സ്പെ.ഇ 1/2013/പൊ.ഭ.വ. തീയതി 1-11-2013)

<u>ശുപാർശ</u>

34 —<u>മറ്റ് ചെലവുകൾ</u>

വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ, വിവിധ തസ്തികകളുടെ ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തികവർഷം നടത്താൻ തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ 1,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ 2 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ, വിവിധ തസ്തികകളുടെ ശാരീരികപരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തികവർഷം നടത്താൻ തീരുമാനിച്ചിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ തുക അപര്യാപ്തമാണെന്ന് വിഷയനിർണ്ണയ സമിതി വിലയിരുത്തുകയും അധിക വിഹിതമായി 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. ടി ശീർഷകത്തിൽ 1,00,00,000 രൂപകൂടി അധികവിഹിതമായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. 25-9-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 7491/13/ഫിൻ. ഉത്തരവ് പ്രകാരം ഈ ശീർഷകത്തിൽ 20,00,000 (20 ലക്ഷം) രൂപ അധികമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 59632/സ്പെ.ഇ 1/2013/പൊ.ഭ.വ. തീയതി 1-11-2013)

ശുപാർശ

2052-00-090-86—പാർലമെന്ററികാര്യ വകുപ്പ്

34 —മറ്റുചെലവുകൾ

**അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക്**

മന്ത്രിമാർ നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് ആരംഭിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി മുതൽ മുകളിലേക്കുള്ള എല്ലാ ഓഫീസർമാർക്കും ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിനും പുതിയ അസിസ്റ്റന്റുമാർക്ക് പരിശീലനം നൽകുന്നതിനുമായി 15 ലക്ഷം രൂപയും പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഴയ നിയമസഭാ മന്ദിരത്തെ ചരിത്രസ്മാരകമാക്കി നിലനിർത്തുന്നതിനായി തുടക്കമിട്ട 'Eternal Assembly' പദ്ധതിക്കായി 50 ലക്ഷം രൂപയും മെച്ചപ്പെട്ട പാർലമെന്ററി സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി മറ്റ് രാജ്യങ്ങളുടെയും സംസ്ഥാനങ്ങളുടെ നിയമസഭകൾ, അക്കാഡമിക് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻസ്, അന്താരാഷ്ട്ര നിലവാരമുള്ള പ്രസ്ഥാനങ്ങൾ, വ്യക്തികൾ എന്നിവയുമായി മെച്ചപ്പെട്ട ആശയവിനിമയബന്ധം സ്ഥാപിക്കുന്നതിനായി വിഭാവനംചെയ്യുന്ന എക്സ്ചേഞ്ച് പ്രോഗ്രാമിനായി 50 ലക്ഷം രൂപയും പൊതുജനങ്ങളെയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യുവതലമുറയെയും കേരളത്തിന്റെ ചരിത്ര സംഭവങ്ങളെയും ചരിത്ര പുരുഷന്മാരെയും ആചാര്യന്മാരെയുംപ്പറ്റി അവബോധമുള്ളവരാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള ഒരു ലൈറ്റ് ആന്റ് സൗണ്ട് ഷോയുടെ പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപയും ഈ ശീർഷകത്തിൽ ആവശ്യമായിട്ടുള്ളതായി സമിതി മനസിലാക്കുന്നു.

മേൽ വിവരിച്ച ആവശ്യങ്ങൾക്കായി 165 ലക്ഷം രൂപയും പാർലമെന്ററികാര്യ വകുപ്പ് സെക്രട്ടറിയുടെ ഉപയോഗത്തിലേക്ക് ഒരു കാർ വാങ്ങുന്നതിന് 8 ലക്ഷം രൂപയും മറ്റ് ഭരണനിർവ്വഹണ ചെലവുകൾക്കായി 10 ലക്ഷം രൂപയും ചേർത്ത് ആകെ 1,83,00,000 രൂപ ആവശ്യമായതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ 81,80,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9, 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പുസാമ്പത്തികവർഷം 31-12-2013 തീയതി വരെ 89,97,557 രൂപ മിച്ചമുള്ള സാഹചര്യത്തിലും മുൻ വർഷങ്ങളിൽ ബജറ്റ് വിഹിതത്തിന്റെ 50% പോലും ചെലവഴിക്കാതെ സറണ്ടർ ചെയ്ത സാഹചര്യത്തിലും 10-11-2013-ലെ മിതവ്യയനിയന്ത്രണ ഉത്തരവിന്റെ വെളിച്ചത്തിലും അധിക തുക അനുവദിക്കാൻ കഴിയുകയില്ലെന്നും
ടി ഉത്തരവിന്റെ V(A) പ്രകാരം നോൺ പ്ലാൻ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തണമെന്നും ധനകാര്യവകുപ്പ് അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 820/എ 2/2013/പാ.കാ.വ. തീയതി 11-3-2014)

<u>ശുപാർശ</u>

2052-00-090-097—<u>മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>

01-4 —<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 2012-13 വർഷത്തെ ചെലവ് 22,79,095 രൂപയാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ വർഷത്തെ ബജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ 12,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക ധനാനുമതിവഴി ആകെ 6,00,000 രൂപ ലഭിച്ചു. ആകെ 17,38,245 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 23813/ബി.ഡബ്ല്യു2/2013/പൊ.ഭ.വ. തീയതി 17-5-2014)

<u>ശുപാർശ</u>

2052-00-092-88 —<u>സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

02 —<u>വേതനം</u>

കമ്മീഷനിലെ ഡ്രൈവർമാരുടെ ശമ്പളം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാലും മുൻവർഷം കമ്മീഷനിൽ 40 ലക്ഷം രൂപ വിവിധ തസ്തികകളിൽ വേതനത്തിനായി ചെലവ് വന്നിട്ടുള്ളതിനാലും നിലവിലെ ബജറ്റ് വിഹിതമായ 30 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബജറ്റ് വിഹിതമായ 30 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ടി ശീർഷകത്തിൽ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് വിഷയനിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ ഇന്ധന ചെലവിനായുള്ള '45 POL' ശീർഷകത്തിൽ കമ്മീഷന് അനുവദിച്ച നൽകിയിട്ടുള്ള തുകയിൽനിന്നും മിച്ചം പ്രതീക്ഷിക്കുന്നതിനാൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴി വേതനത്തിന് ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 59873/സി.ഡി.എൻ.5/2013/പൊ.ഭ.വ. തീയതി 12-2-2014)

<u>ശുപാർശ</u>

21-1 —<u>മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ</u>

ചീഫ് ഇൻഫർമേഷൻ കമ്മീഷണറും കമ്മീഷണർമാരും ഉപയോഗിച്ചുവരുന്ന കാലപ്പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മുഖ്യവിവരാവകാശ കമ്മീഷണർക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിലേക്കായി 2012-13 സാമ്പത്തിക വർഷാന്ത്യത്തിൽ ഭരണാനുമതി ലഭിച്ചിരുന്നു എങ്കിലും ആയത് വാങ്ങുന്നതിലേക്കായുള്ള തുക ധനപുനഃവിനിയോഗത്തിലൂടെ കണ്ടെത്തണമെന്ന്

നിർദ്ദേശിച്ചിരുന്നു. എന്നാൽ വർഷാന്ത്യത്തിൽ ധനപുനഃവിനിയോഗത്തിനായി കമ്മീഷന്റെ ശീർഷകങ്ങളിൽ തുക മിച്ചമുണ്ടായിരുന്നില്ല. മാത്രമല്ല, വിപണിയിൽ വാഹനത്തിന്റെ വില ഏകദേശം ഒരു ലക്ഷം രൂപവരെ വർദ്ധിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് 14,62,049 രൂപയുള്ള പുതുക്കിയ ഭരണാനുമതി 27-1-2014-ലെ സ.ഉ. (എംഎസ്.) 23/2014/പൊ.ഭ.വ. നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ തുക ധനപുനഃവിനിയോഗംവഴി നൽകുന്നതിനുള്ള ശുപാർശകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. മറ്റ് രണ്ട് കമ്മീഷണർമാർ ഉപയോഗിക്കുന്ന കാലപ്പഴക്കംചെന്ന രണ്ടു വാഹനങ്ങളും കണ്ടംചെയ്യുന്നതിന് 1-11-2013-ലെ സ.ഉ. (സാധാ.) നമ്പർ 8824/2013/പൊ.ഭ.വ. നമ്പർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 59873/സി.ഡി.എൻ.5/2013/പൊ.ഭ.വ. തീയതി 12-2-2014)

ശുപാർശ

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)**

3451-00-101-69 —സംസ്ഥാന പരിശീലന നയം—പരിശീലനപരിപാടി

2013-14 വർഷത്തിലെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിന് 1881 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 800 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ തുക തീരെ പര്യാപ്തമല്ല. ആയതിനാൽ ഈ ഇനത്തിൽ 10,81,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള സാമ്പത്തികസ്ഥിതി പരിഗണിച്ച് അധിക വിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 13960/എ.ആർ.13(1)/2013/ഉ.ഭ.പ.വ. തീയതി 15-5-2014)

ശുപാർശ

**സ്റ്റേറ്റ് ഡാറ്റാ സെന്റർ കോ-ബാങ്ക്, തിരുവനന്തപുരം**

കേരള സംസ്ഥാന ഐ.ടി. മിഷൻ ആണ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രാജ്യത്ത് ആദ്യമായി ഒരു സംസ്ഥാനതല ഡാറ്റാ സെന്റർ സ്ഥാപിച്ചത്. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകൾ ഹോസ്റ്റ് ചെയ്യുക,

അവയുടെ സർവറുകൾ കോ-ലൊക്കേറ്റ് ചെയ്യുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതിന്റെ ആദ്യപടിയായി വിദേശ സർവറിൽ ഉണ്ടായിരുന്ന കേരള സർക്കാറിന്റെ വെബ്സൈറ്റുകൾ സംസ്ഥാന ഡാറ്റാ സെന്ററിലേക്ക് മാറ്റുകയും സംസ്ഥാനത്തിലെ വിവിധ വകുപ്പുകളുടെയായി ഏതാണ്ട് 250 വെബ്സൈറ്റുകൾ ഹോസ്റ്റുചെയ്യുകയും 250-ൽപ്പരം സർവറുകൾ കോ-ലൊക്കേറ്റ് ചെയ്യുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഡാറ്റാ സെന്ററിന്റെ നടത്തിപ്പിനായി 2012-2013 വർഷത്തിൽ അനുവദിച്ച തുകയായ 300 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപ അധികമായി ചെലവ് വന്നിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-2013 വർഷത്തിൽ സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ നടത്തിപ്പിനായി 300 ലക്ഷമാണ് വകയിരുത്തിയിരുന്നത്. 2013-2014 സാമ്പത്തികവർഷത്തിൽ 466 ലക്ഷം രൂപ വകയിരുത്തുകയും ആ തുക വിതരണം ചെയ്യുകയും ചെയ്തു. ഇത് കൂടാതെ ഇനത്തിൽ അധികം തുക 2013-2014 വർഷം ആവശ്യമായി വരികയാണെങ്കിൽ ആയത് ചെലവഴിക്കുവാനുള്ള അനുമതിയും ഐ.ടി. മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1183/ബി2/4/2014/വി.സാ.വ. തീയതി 27-5-2014)

<u>ശുപാർശ</u>

2014-00-102-99—<u>ഹൈക്കോടതി</u>

21-1—<u>മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ (ചാർജ്ഡ് നോൺ പ്ലാൻ)</u>

ഹൈക്കോടതിയിൽ പുതിയ കാറുകൾ വാങ്ങുന്നതിനും കേരള ജൂഡീഷ്യൽ അക്കാദമിയിൽ ഒരു ബസ് വാങ്ങുന്നതിനുമായി മൊത്തം 62,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-13-ൽ റീഅപ്രോപ്രിയേഷൻവഴി 19,21,968 ചെലവഴിച്ച് ഹൈക്കോടതിയിലെ പഴയ രണ്ട് അംബാസഡർ കാർ കണ്ടംചെയ്ത് പുതിയ രണ്ട് സ്വിഫ്റ്റ് കാറുകളും വിജിലൻസ് ഡി.വൈ.എസ്.പി.-ക്ക് ഒരു ബൊലേറയും വാങ്ങിയിട്ടുണ്ട്. കേരള ജൂഡീഷ്യൽ

അക്കാദമിയുടെ പുതിയ ബിൽഡിങ് അത്താണിയിൽ പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് അക്കാദമിക്ക് സ്വന്തമായി ഒരു ടാറ്റാ ബസ് വാങ്ങുന്നതിലേക്ക് 42 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നുവെങ്കിലും ഇതുവരെ തുക അനുവദിച്ചിട്ടില്ല. ആയതിലേക്ക് തുക ആവശ്യമുണ്ട്.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2014-00-105-99—സിവിലും സെഷൻസും കോടതികൾ

05-4 —ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

കോടതികളിൽ തടസമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിലേക്ക് കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിന് 2,75,06,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന I-ൽ ഈയിനത്തിൽ 2,76,98,000 രൂപയും ഉപധനാഭ്യർത്ഥന II-ൽ 2,75,05,000 രൂപയും ആവശ്യപ്പെട്ടിരുന്നു. തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

34 —മറ്റു ചെലവുകൾ

സബോർഡിനേറ്റ് കോടതികളിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനായി 1,09,22,000 രൂപയും ഫോട്ടോകോപ്പിയർകൾക്കായി 30,75,000 രൂപയും ന്യായാധിപന്മാരുടെ ഫർണിച്ചറിനായി 1,50,00,000 രൂപയും കമ്പ്യൂട്ടർ ഫർണിച്ചറിനായി 73,62,000 രൂപയും ചേർത്ത് ആകെ 3,63,59,000 രൂപയിൽ 40 ലക്ഷം കിഴിച്ച് ബാക്കി തുക ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ അനുവദിച്ച 40 ലക്ഷം രൂപയല്ലാതെ കമ്മിറ്റി ശുപാർശ ചെയ്ത തുക ലഭിച്ചിട്ടില്ല. ഉപധനാഭ്യർത്ഥന I-ൽ 3,91,12,000 രൂപയും ഉപധനാഭ്യർത്ഥന II-ൽ 77,00,000 രൂപയും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രൈബ്യൂണലുകൾ

05-4 —ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

മോട്ടോർ അപകട നഷ്ടപരിഹാര ട്രൈബ്യൂണലുകളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനായി 8,10,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന I-ൽ ഈയിനത്തിൽ 8,10,000 രൂപയും ഉപധനാഭ്യർത്ഥന II-ൽ 8,45,000 രൂപയും ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

34 —മറ്റു ചെലവുകൾ

സബോർഡിനേറ്റ് കോടതികളിൽ ഫർണിച്ചറിനായി 24,97,000 രൂപയും ഫോട്ടോകോപ്പിയർകൾക്കായി 4,50,000 രൂപയും കമ്പ്യൂട്ടർ ഫർണിച്ചറിനായി 8,45,000 രൂപയും ചേർത്ത് ആകെ 37,86,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

1,00,000 രൂപ മാത്രമേ ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുള്ളൂ.

ടി തുക സബോർഡിനേറ്റ് കോടതികളിലെ ആവശ്യങ്ങൾ നിവർത്തിക്കാൻ പര്യാപ്തമല്ല. ഉപധനാഭ്യർത്ഥന I-ൽ 37,92,000 രൂപയും ഉപധനാഭ്യർത്ഥന II-ൽ 8,45,000 രൂപയും ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. റീഅപ്രോപ്രിയേഷൻവഴി പ്രസ്തുത ഹെഡിൽ അധികം ചെലവായ തുക റെഗുലറൈസ് ചെയ്യാൻ 97,000 രൂപയുടെ അനുമതി ഗവൺമെന്റിൽ നിന്നും ലഭിച്ചു.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2014-00-108-99—ക്രിമിനൽ കോടതികൾ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

ക്രിമിനൽ കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനായി 81,90,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന I പ്രകാരം 82,00,000 രൂപയും ഉപധനാഭ്യർത്ഥന II-ൽ 13,50,000 രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റുമാർക്കായി മൂന്നു മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനായി 21,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനയിൽ 1,000 രൂപ ടോക്കൺ ലഭിച്ചു. സി.ജെ.എം. കാസർഗോഡ്, തൃശ്ശൂർ, പത്തനംതിട്ട എന്നിവിടങ്ങളിൽ മൂന്നു കാറുകൾ വാങ്ങുന്നതിനായി റീഅപ്രോപ്രിയേഷൻ വഴി 20 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് അനുമതി ലഭിച്ചു.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

34 —മറ്റുചെലവുകൾ

ഫർണിച്ചർ, കമ്പ്യൂട്ടർ തുടങ്ങിയ ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി നടപ്പുവർഷം 1,18,74,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ 15 ലക്ഷം രൂപ ഈ ഹെഡിലേക്ക് അനുവദിച്ചിരുന്നു. ഉപധനാഭ്യർത്ഥന I പ്രകാരം 1,46,22,000 രൂപയും ഉപധനാഭ്യർത്ഥന II-ൽ 37,00,000 രൂപയും ആവശ്യപ്പെട്ടിരുന്നു. തൊടുപുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി, കാസർഗോഡ് എന്നിവിടങ്ങളിലെ ക്രിമിനൽ കോടതികളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് 48,00,000 രൂപയുടെ അനുമതി ഗവൺമെന്റിൽ നിന്നും ലഭിച്ചു.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

2014-00-114-92—<u>സ്ഥിര ലോക് അദാലത്ത് (പി.എൽ.എ.)</u>

കോഴിക്കോട് പെർമനെന്റ് ലോക് അദാലത്ത് 2-2-2013-ന് പ്രവർത്തനം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിലായി ആകെ 34,36,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പൊതുസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ടെലിഫോൺ, ആരോഗ്യം, ആശുപത്രികൾ, ഇൻഷ്വറൻസ് എന്നീ പബ്ലിക് യൂട്ടിലിറ്റി സർവ്വീസസ് രംഗങ്ങളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന തർക്കങ്ങൾക്ക് കോർട്ട് ഫീസ് ഇല്ലാതെ തീർപ്പാക്കുവാനുള്ള സംവിധാനമാണ് സ്ഥിരം ലോക് അദാലത്ത് (പി.എൽ.എ.). തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പി.എൽ.എ. ഇപ്പോൾ നിലവിലുള്ളത്. മേൽപ്പറഞ്ഞ പി.എൽ.എ.-കളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി 2013-14 വർഷത്തിലേക്ക് 2014-00-114-92 എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 69.14 ലക്ഷം രൂപ തീരുന്നമുറയ്ക്ക് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള 34.36 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യവകുപ്പിനെ സമീപിക്കുന്നതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണെന്ന് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 16702/പാർല./2013/നിയമം തീയതി 9-12-2013)

ശുപാർശ

2014-00-114-93—കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 2007 മോഡൽ അംബാസഡർ കാർ അദ്ദേഹത്തിന്റെ നിയമസേവനപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള അന്തർജില്ലാ ദൂരയാത്രകൾക്ക് അനുയോജ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതുകൊണ്ട് മെമ്പർ സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യത്തിനായി ഒരു പുതിയ കാർ വാങ്ങുന്നതിന് ഈയിനത്തിൽ 8 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശയുടെ തുടർനടപടിയായി ഈ വിഷയം സംസ്ഥാന നിയമസഹായ സമിതിയുടെ അടുത്ത മീറ്റിംഗിൽ വച്ച് അംഗീകാരം നേടിയശേഷം ആവശ്യമായ ഭരണാനുമതിക്കും വേണ്ടുന്ന തുക അനുവദിക്കുന്നതിനുമായി സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നതാണെന്ന് കേരള സ്റ്റേറ്റ് സർവ്വീസ് ലീഗൽ സർവ്വീസസ് അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 16702/പാർല./2013/നിയമം തീയതി 9-12-2013)

ശുപാർശ

34 —മറ്റു ചെലവുകൾ

കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 62 താലൂക്ക് ഓഫീസുകളിലെ 124 ജീവനക്കാർക്ക് ശമ്പളവും നിയമ സേവന പ്രവർത്തനങ്ങളും മീഡിയേറ്റർമാർക്കുള്ള ഫീസും നൽകുന്നത് ഈയിനത്തിൽ നിന്നാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഇതിലേക്ക് പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2,13,45,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 വർഷത്തിലേക്ക് 2014-00-114-93-(34)—മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 386.55 ലക്ഷം രൂപ തീരുന്നമുറയ്ക്ക് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള 213.45 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യവകുപ്പിനെ സമീപിക്കുന്നതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണെന്ന് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 16702/പാർല./2013/നിയമം തീയതി 9-12-2013)

<u>ശുപാർശ</u>

21-1 —<u>വാഹനം വാങ്ങൽ</u>

ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് ഔദ്യോഗിക വാഹനം നൽകുന്നതിന് അനുമതി നൽകിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ അധികമായി 90,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി 27-8-2013-ലെ സ.ഉ. (സാധാ.) 1196/13/നിയമം ഉത്തരവനുസരിച്ച് ഭരണാനുമതി നൽകി യിട്ടുള്ളതും വാഹനം വാങ്ങുന്നതിനായി അനുവദിച്ച ശീർഷകത്തിൽ 90,00,000 രൂപ (തൊണ്ണൂറ് ലക്ഷം രൂപ) അനുവദിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 16702/പാർല./2013/നിയമം തീയതി 9-12-2013)

<u>ശുപാർശ</u>

28—<u>തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ</u>

10-8-2012 തീയതിയിലെ സ.ഉ. (കയ്യെഴുത്ത്) 173/2012/നിയമം, 12-10-2012 തീയതിയിലെ സ.ഉ. (കയ്യെഴുത്ത്) 217/2012/നിയമം എന്നീ സർക്കാർ ഉത്തരവുകളിലൂടെ ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ഫീസ് 20,500 രൂപയിൽനിന്നും 50,000 രൂപയായും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാരുടെ ഫീസ് 18,500 രൂപയിൽ നിന്നും 40,000 രൂപ ആയും വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള വിഹിതം തീരെ പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപകൂടി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പിലേക്ക് 1,12,52,000 (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി അൻപത്തി രണ്ടായിരം) രൂപയുടെ കണക്കുവിവരപ്പട്ടിക ഉൾപ്പെടെ 2014-00-114-98 എന്ന ശീർഷകത്തിൻ കീഴിൽ അധിക ധനാഭ്യർത്ഥന നടത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 16702/പാർല./2013/നിയമം തീയതി 9-12-2013)

<u>ശുപാർശ</u>

2014-00-114 —<u>നിയമോപദേഷ്ടാക്കൾ</u>

99—<u>ലാ ഓഫീസർമാർ</u>

21-1—<u>മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ</u>

അഡീഷണൽ അഡ്വക്കേറ്റ് ജനറൽ 1-ന് വാഹനം വാങ്ങുന്നതിന് ഭരണാനുമതി ആയിക്കഴിഞ്ഞ സാഹചര്യത്തിൽ ഇതിലേക്കായി ആവശ്യമായിവരുന്ന തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അഡീഷണൽ അഡ്വക്കേറ്റ് ജനറൽ 1-ന് വാഹനം വാങ്ങുന്നതിന് ആവശ്യമായ തുക സംസ്ഥാന ആകസ്മിക നിധിയിൽ നിന്നും അനുവദിക്കുകയും തുടർന്ന് വാഹനം വാങ്ങുകയും പ്രസ്തുത തുക ഇതിനോടകം റീഅപ്രോപ്രിയേറ്റ് ചെയ്തിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 16702/പാർല./2013/നിയമം തീയതി 9-12-2013)

<u>ശുപാർശ</u>

2014-00-116-99—<u>സർക്കാർ ഉദ്യോഗസ്ഥ തർക്ക പരിഹാര മദ്ധ്യസ്ഥ കോടതി (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ)</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി നടപ്പുവർഷം നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 87,35,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി നടപ്പുവർഷം നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 87,35,000 രൂപ അധികമായി വകയിരുത്തണം എന്നതായിരുന്നു സമിതിയുടെ ശുപാർശ. ഇതിൽ വിവിധ ശീർഷകങ്ങളിലായി 35,69,000 രൂപ അധികമായി അനുവദിച്ചു. ട്രൈബ്യൂണലിൽ രണ്ട് ജുഡീഷ്യൽ അംഗങ്ങളും ഒരു ഭരണകാര്യ അംഗവും നിയമിക്കപ്പെടാത്ത സാഹചര്യത്തിൽ വാഹനം വാങ്ങുന്നതിന് ബാക്കിത്തുക അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 13946/എ.ആർ.12(2)/2013/ഉ.ഭ.പ.വ. തീയതി 11-4-2014)

<u>ശുപാർശ</u>

2014-00-117-99—<u>കുടുംബകോടതികൾ</u>

05-4 —<u>ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ</u>

കുടുംബ കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനായി 30,60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥന I-ൽ 38,75,000 രൂപയും ഉപധനാഭ്യർത്ഥന II-ൽ 4,66,000 രൂപയും ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114400/സി3/13/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

21-1—<u>മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ</u>

പുതുതായി ആരംഭിച്ച തലശ്ശേരി, വടകര, മൂവാറ്റുപുഴ എന്നീ കോടതികളിലേക്ക് മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനും, നെടുമങ്ങാട് കുടുംബകോടതിയിലെ പഴയ സ്വിഫ്റ്റ് കാർ കണ്ടംചെയ്ത് പുതിയത് വാങ്ങുന്നതിനായി 28,00,000 രൂപയും കൂടാതെ 2012-13-ൽ പ്രവർത്തനം ആരംഭിച്ച ഇരിഞ്ഞാലക്കുട, ആറ്റിങ്ങൽ, ചവറ കുടുംബകോടതികളിലേയും 2013-14-ൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന

6 കുടുംബകോടതികളിലേയും (ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാല, കട്ടപ്പന) ജഡ്ജിമാർക്ക് മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനുമായി 56,00,000 രൂപയും ആവശ്യമായതിനാൽ പ്രസ്തുത ആവശ്യങ്ങളിലേക്ക് ഈ ശീർഷകത്തിൽ ആകെ 84,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തലശ്ശേരി, വടകര, മൂവാറ്റുപുഴ എന്നീ ഫാമിലി കോടതികളിലേക്ക് 3 കാറുകൾ വാങ്ങുന്നതിന് 19,50,000 രൂപ റീഅപ്രോപ്രിയേഷൻ വഴി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 114400/സി3/13/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

34 —<u>മറ്റു ചെലവുകൾ</u>

നിലവിലുള്ള കോടതികളുടെ ഫർണിച്ചറിനായി 45,97,000 രൂപയും 2012-13-ൽ ആരംഭിച്ച 3 കോടതികൾക്കായി ഫർണിച്ചറുകൾ വാങ്ങുന്നതിന് 23,38,000 രൂപയും കോടതികൾക്ക് ഫോട്ടോകോപ്പിയറുകളും കമ്പ്യൂട്ടർ ഫർണിച്ചറുകളും വാങ്ങുന്നതിന് യഥാക്രമം 7,50,000 രൂപയും 6,05,000 രൂപയും ആവശ്യമുണ്ട്. കൂടാതെ 2012-13-ൽ പ്രവർത്തനം ആരംഭിച്ച കുടുംബകോടതികളിലേക്കും 2013-14-ൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 6 കുടുംബകോടതികൾക്കും ഫർണിച്ചറുകൾ വാങ്ങുന്നതിന് 48,00,000 രൂപയും ഫോട്ടോകോപ്പിയറുകൾക്കായി 9,00,000 രൂപയും ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽമേൽ ആവശ്യങ്ങൾക്കായി ആകെ 1,39,90,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കുടുംബകോടതികളുടെ മറ്റു ചെലവുകളിലേക്കായി ബഡ്ജറ്റ് വിഹിതം 2,00,000 രൂപ ലഭിച്ചിരുന്നു. അധികഫണ്ട് 21,28,000 രൂപയും പിന്നീട് 2,00,000 രൂപയും ലഭിച്ചു. കുടുംബ കോടതികളുടെ മറ്റു ചെലവുകളിലേക്കായി ഉപധനാഭ്യർത്ഥന I-ൽ 1,30,29,000 രൂപയും ഉപധനാഭ്യർത്ഥന II-ൽ 13,78,000 രൂപയും ആവശ്യപ്പെട്ടിരുന്നു.

പാല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ഫാമിലി കോടതികളിലേക്ക് ഫർണിച്ചർ വാങ്ങുവാൻ റീഅപ്രോപ്രിയേഷൻ വഴി 12,82,000 രൂപ ഗവൺമെന്റ് അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 114400/സി3/13/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

രാജ്യത്തെ സബോർഡിനേറ്റ് കോടതികളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായുള്ള സമഗ്ര പദ്ധതിയാണ് ഇ-കോർട്ട് പദ്ധതി. കേന്ദ്ര സർക്കാർ മുഴുവൻ ചെലവും വഹിക്കുന്ന ഈ പദ്ധതി എൻ. ഐ. സി. മുഖാന്തിരം നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ 2013-14 വർഷത്തെ നടത്തിപ്പിന് താഴെ പറയും പ്രകാരം തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു.

| | | |
|---|---|---|
| ഡീസൽ ജനറേറ്ററുകൾ—വാങ്ങി സ്ഥാപിക്കൽ | .. | 1,25,44,000 രൂപ |
| ടെക്നിക്കൽ മാൻപവർ വിന്യസിക്കൽ | .. | 28,15,000 രൂപ |
| ഡാറ്റാ എൻട്രി | .. | 52,35,000 രൂപ |
| സൈറ്റ് ഒരുക്കൽ/ലാൻ | .. | 20,84,000 രൂപ |
| ഹൈക്കോടതിയിലെയും ജില്ലാ കോടതികളിലെയും ടെക്നിക്കൽ മാൻപവർ | .. | 1,13,14,000 രൂപ |

ആയതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ആകെ 3,39,92,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34, 35)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായ ടോക്കൺ രൂപ 1,000 മാത്രമേ ലഭിച്ചിട്ടുള്ളൂ. ഉപധനാഭ്യർത്ഥനകളിൽ തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

ഇ-കോർട്ട് പദ്ധതി പ്രകാരമുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കോടതികളിൽ ഇപ്പോഴുള്ള കമ്പ്യൂട്ടറുകൾ അപര്യാപ്തമാണ്. ആയതിനാൽ സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ 609 കമ്പ്യൂട്ടർ പ്രിന്ററുകൾ, യു. പി. എസ്.-കൾ എന്നിവ വാങ്ങി സ്ഥാപിക്കുന്നതിലേക്കായി 2,67,96,000 രൂപ ആവശ്യമാകയാൽ അധികമായി 2,67,96,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായ 1,000 രൂപ ടോക്കൺ മാത്രമേ ലഭിച്ചിട്ടുള്ളൂ. സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കുന്നതിന് തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114400/ സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2014-00-800-91—കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ—സഹായധനം

1-4-2013 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 58/2013 നിയമ പ്രകാരം കമ്മീഷന്റെ ഓഫീസ് പുതിയ വാടകക്കെട്ടിടത്തിലേക്ക് മാറുന്നതിന് അനുമതിയായിട്ടുള്ളതായി കാണുന്നു. ആയതിനാൽ അതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ശീർഷകത്തിൽ 10,00,000 രൂപ പ്രത്യേക ധനസഹായം ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

കമ്മീഷൻ ഓഫീസ് പുതിയ വാടകക്കെട്ടിടത്തിലേയ്ക്ക് മാറിയതിന് ആകെ ചെലവായ 28,00,000 രൂപയിൽ യഥാക്രമം ഓഫീസ് ഫർണിഷിംഗിന് 20,00,000 രൂപ, ഇലക്ട്രിഫിക്കേഷന് 8,00,000 എന്നിങ്ങനെയാണ് ചെലവായിട്ടുള്ളത്. ടി തുക പ്രത്യേക ധനസഹായമായി നല്കണമെന്ന് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടുകയും ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്.

(സർക്കാർ കത്ത് നമ്പർ 16702/പാർല./2013/നിയമം തീയതി 9-12-2013)

ശുപാർശ

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

കോഴിക്കോട് സ്റ്റേഷനിലേക്ക് പൂൾ വാഹനം വാങ്ങുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ വാഹനം വാങ്ങുന്നതിനായി 6,00,000 രൂപ ഈ സാമ്പത്തികവർഷംതന്നെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

കോഴിക്കോട്, കോട്ടയം, മഞ്ചേരി എന്നിവിടങ്ങളിലെ ജുഡീഷ്യൽ ഓഫീസർമാർക്ക് മൂന്ന് പൂൾ കാറുകൾ വാങ്ങുന്നതിനായി റീഅപ്രോപ്രിയേഷൻവഴി 18 ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

34 —മറ്റു ചെലവുകൾ

ഷെട്ടി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ ജഡ്ജിമാർക്കും അഡീഷണൽ ജില്ലാ ജഡ്ജിമാർക്കും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 1,39,69,000 രൂപയും കേരള ഹൈക്കോർട്ട് കേസ് (ലിനക്സ് വേർഷൻ) പ്രോഗ്രാം വാങ്ങുന്നതിനായി 13 ലക്ഷം രൂപയും ആവശ്യമുള്ളതായി കാണുന്നു. ആയതിലേക്കായി മൊത്തം 1,52,69,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

ഈ ആവശ്യത്തിലേക്കായി സമിതി ശുപാർശ ചെയ്ത അധികതുക ഉപധനാഭ്യർത്ഥന I പ്രകാരം 2,48,69,000 രൂപ ആവശ്യപ്പെട്ടിരുന്നു.

Supreme Court Case Finder with full text on CD ROM വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 114400/സി3/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും

2012-13 വർഷത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക പ്രതിഫലം ഫണ്ടിന്റെ അഭാവത്തിൽ നൽകാൻ കഴിഞ്ഞില്ല. പ്രസ്തുത ബാധ്യത (6,18,15,000 രൂപ) തീർക്കുന്നതിനും നടപ്പുസാമ്പത്തികവർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുള്ള അധിക ചെലവുകൾക്കും കൂടി തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 8,16,84,600 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

11-11-2013-ലെ G.O. (Rt.) 8529/13/Fin. നമ്പർ ഉത്തരവു പ്രകാരം 50,000 രൂപയും ധനകാര്യ വകുപ്പിന്റെ 1-1-2014-ലെ G.O. (Rt.) 17/2014/Fin. നമ്പർ സർക്കാർ ഉത്തരവു മുഖേന അഡീഷണൽ ആതറൈസേഷനായി നാലു കോടി രൂപയും ബന്ധപ്പെട്ട ശീർഷകത്തിൽ ലഭിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 2607/ഇ.എ 1/13/ഇലക്. തീയതി 29-11-2013 & 408/ഇഎ 1/2014/ഇലക്. തീയതി 30-1-2014)

ശുപാർശ

2015-00-109-99—പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തെരഞ്ഞെടുപ്പ് നടത്തിപ്പ്

ഫോട്ടോ പതിച്ച വോട്ടർപ്പട്ടിക തയ്യാറാക്കുന്നതിനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 3,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം ബഡ്ജറ്റിലുള്ളതിനെക്കാൽ കൂടുതൽ തുക അനുവദിക്കാൻ കഴിയില്ലെന്ന് ധനകാര്യവകുപ്പ് അറിയിച്ചു.

(സർക്കാർ കത്ത് നമ്പർ 45795/ഇ.എം2/2013/തസ്വഭവ.തീയതി 9-6-2014)

ശുപാർശ

21.1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

കമ്മീഷനിലെ കാലപ്പഴക്കംചെന്ന അംബാസഡർകാർ ലേലംചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്ന സാഹചര്യത്തിൽ കമ്മീഷന്റെ ആവശ്യത്തിലേക്ക് പുതിയ കാർ വാങ്ങേണ്ടതായുണ്ട്. എന്നാൽ 2013-2014-ലെ ബജറ്റ് എസ്റ്റിമേറ്റിൽ മേൽശീർഷകം ഉൾപ്പെടുത്തുകയോ തുക അനുവദിക്കുകയോ ഉണ്ടായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ബജറ്റ് എസ്റ്റിമേറ്റിൽ ഈ ശീർഷകം ഉൾപ്പെടുത്തി 8,00,000 രൂപ പ്രസ്തുത ആവശ്യത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

2013-2014-ലെ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റിൽ ഈ ശീർഷകം ഉൾപ്പെടുത്തി 1,000 രൂപ അനുവദിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം ബഡ്ജറ്റിലുള്ളതിനെക്കാൽ കൂടുതൽ തുക അനുവദിക്കാൻ കഴിയില്ലെന്നും ഒഴിവാക്കാനാവാത്ത ചെലവുകൾക്കുള്ള അധിക തുക ധനപുനർവിനിയോഗത്തിലൂടെ കണ്ടെത്തേണ്ടതാണെന്നും ധനകാര്യവകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കമ്മീഷന്റെ മറ്റു ശീർഷകങ്ങളിൽ അധികമായി വന്ന 9,00,000 രൂപ റീഅപ്രോപ്രിയേഷനിലൂടെ വകയിരുത്തി 8,00,000 രൂപയ്ക്ക് പുതിയ കാർ വാങ്ങിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 45795/ഇ.എം2/2013/തസ്വഭവ. തീയതി 9-6-2014)

ശുപാർശ

2055—പോലീസ്

01—ശമ്പളം

2013-14 വർഷം ശമ്പള ഇനത്തിൽ 2,38,509.64 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 1,90,263.22 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 31-3-2013-ന് അവസാനിച്ച സാമ്പത്തികവർഷം ശമ്പളയിനത്തിൽ 1,56,156.76 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 1,95,934.44 ലക്ഷം രൂപ വിഹിതത്തിന് പുറമേ അധികം ചെലവ് വന്നിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട തുകയിൽ കുറവ് വരുത്തിയ 482,46,42,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

ക്രൈംബ്രാഞ്ച്, ബറ്റാലിയനുകൾ, ടെലികമ്മ്യൂണിക്കേഷൻ മുതലായ യൂണിറ്റുകളിലെ ശീർഷകങ്ങളിൽ സേവിംഗ്സ് വന്നതുമൂലം ശമ്പള ഇനത്തിൽ അധികം ചെലവായ ശീർഷകങ്ങളിലേക്ക് ധനപുനർവിനിയോഗം വഴി തുക കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

01-4 —മെഡിക്കൽ റീഇംബേഴ്സ്മെന്റ്

അപകടകരവും സാഹസികവും സമ്മർദ്ദപൂർണ്ണവുമായ പല സാഹചര്യങ്ങളിലും ജോലിയെടുക്കേണ്ടിവരുന്ന സേനാംഗങ്ങൾ പലവിധ ആരോഗ്യ പ്രശ്നങ്ങളാലും ദുരിതമനുഭവിക്കുന്നുണ്ട്. നിലവിലുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുകകൾ നൽകുന്നതിനും വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവ് കണക്കിലെടുത്തും ഈ ശീർഷകത്തിൽ 1,27,49,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ശീർഷകത്തിൽ ആവശ്യമായ അധിക തുക ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

02—<u>വേതനം</u>

വകുപ്പിലെ പാർട്ട്-ടൈം സ്വീപ്പർമാർ, ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന താൽക്കാലിക ജീവനക്കാർ മുതലായവരുടെ വേതനം നൽകുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. പോലീസ് റിക്രൂട്ട് ട്രെയിനിംഗുമായി ബന്ധപ്പെട്ട് ധാരാളം ക്യാമ്പ് ഫോളോവർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തടസ്സം കൂടാതെയുള്ള വേതനവിതരണം ഉറപ്പുവരുത്തുന്നതിന് 4,97,95,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വേതനം ശീർഷകത്തിൽ ആവശ്യമായ അധിക തുക ധനപുനർവിനിയോഗംവഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

04-1 —<u>യാത്രാബത്ത</u>

ട്രെയിൻ/ബസ് യാത്രാനിരക്കുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ അനുവദിച്ച ബജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്നും തീവ്രവാദപ്രവർത്തനം തടയൽ, സമൂഹശ്രദ്ധ പിടിച്ചുപറ്റുന്ന വൻ കുറ്റകൃത്യങ്ങളുടെ അന്വേഷണം, ഇന്ത്യ റിസർവ് ബറ്റാലിയന്റെ പരിശീലനം മുതലായവയ്ക്കായി സംസ്ഥാനത്തിനകത്തും പുറത്തും നിരന്തരം യാത്ര ചെയ്യേണ്ടിവരുന്നതിനാൽ യാത്രാബത്ത അനുവദിക്കുന്ന വിഹിതത്തിലും കൂടുതൽ ചെലവാകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ ആവശ്യപ്പെട്ട 4,196.47 ലക്ഷം രൂപയിൽ ശേഷിക്കുന്ന 1,333.94 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

യാത്രാബത്ത ഇനത്തിൽ 42 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധിക തുകയായി അനുവദിച്ചു കിട്ടിയിട്ടുണ്ട്. തുടർന്ന് സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.) നമ്പർ 1928/2014/ഫിൻ. തീയതി 11-3-2014 പ്രകാരം കണ്ടിജൻസി ഫണ്ടിൽ നിന്നും 1,96,87,000 രൂപ അത്യാവശ്യ ബാദ്ധ്യത തീർക്കുന്നതിലേക്കായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

05-01—<u>വെള്ളക്കരം</u>

നടപ്പുവർഷത്തെ ബജറ്റ് വിഹിതമായി 190.68 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 126.62 ലക്ഷം രൂപയാണ് ഈയിനത്തിൽ അനുവദിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തി. വെള്ളക്കരം യഥാസമയം അടയ്ക്കാതിരുന്നത് ജലവിതരണം തടയുന്നതിനും പലിശയും പിഴപ്പലിശയും ഉൾപ്പെടെ അധികതുക നൽകാനും ഇടയാക്കും. ആയതിനാൽ, ഈ ശീർഷകത്തിൽ കുറവുവന്ന 64.06 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആവശ്യമായ അധിക തുക ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

05-02—<u>കറണ്ട് ചാർജ്</u>

ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്ന 852.54 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 189.84 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആവശ്യമായ അധിക തുക ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

05-03—<u>ടെലിഫോൺ ചാർജ്</u>

കൂടുതൽ പോലീസ് ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷൻ നൽകുന്നതിനായി നിലവിലെ വിഹിതത്തിനു പുറമേ 178.74 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പോലീസ് വകുപ്പിന് ആവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

05-04 —<u>മറ്റിനങ്ങൾ</u>

ഈ ശീർഷകത്തിൽ 583.98 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 521.35 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഓഫീസ് സ്റ്റേഷനറി, ഫർണിച്ചർ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ഫാക്സ്, സിറോക്സ് മെഷീൻ എന്നിവയുടെ ഉപയോഗത്തിനുള്ള സാധനങ്ങൾ മുതലായവ വാങ്ങുന്നത് ഈ ശീർഷകത്തിൽ നിന്നുള്ള പണമുപയോഗിച്ചാണ്. കൂടാതെ വാഹനങ്ങൾ, ബോട്ടുകൾ മുതലായവയുടെ ഇൻഷ്വറൻസ് തുകയുടെ ചെലവും ഇതിൽനിന്ന് വഹിക്കുന്നുണ്ട്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെ ഉപകരണങ്ങൾ വിലയേറിയവയാണ്. ഇത് പരിപാലിക്കുന്നതിന് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 62.63 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

17.12 ലക്ഷം രൂപ അധിക തുകയായി ലഭിച്ചിട്ടുണ്ട്. ജി. ഒ. (ആർറ്റി.) നമ്പർ 1928/2014/ഫിൻ. തീയതി 11-3-2014 പ്രകാരം കണ്ടിജൻസി ഫണ്ടിൽ നിന്നും 1,01,00,000 രൂപ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിലേക്കും മറ്റ് അത്യാവശ്യ ചെലവുകളിലേക്കുമായി അനുവദിച്ചുതന്നിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

12—സ്കോളർഷിപ്പും സ്റ്റൈപ്പന്റും

ആയിരക്കണക്കിന് ഒഴിവുകൾ നികത്തുന്നതിന് റിക്രൂട്ട്മെന്റ് കഴിഞ്ഞ് ട്രെയിനിംഗ് നടത്തുമ്പോൾ ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 5880.29 ലക്ഷം രൂപയാണ് ചെലവായത്. നടപ്പുവർഷം ബജറ്റ് വിഹിതമായി അനുവദിച്ച 396 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ, അധികമായി 4,54,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പുതിയ റിക്രൂട്ടുമെന്റുകൾ ഇല്ലാതിരുന്നതിനാൽ ബഡ്ജറ്റ് വിഹിതം പര്യാപ്തമായിരുന്നു.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

18—കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി

ജില്ലാ പോലീസ് യൂണിറ്റ്, ബറ്റാലിയനുകൾ എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങളും മറ്റും യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഫണ്ടിന്റെ അഭാവത്താൽ അറ്റകുറ്റപ്പണികൾ വൈകുന്നത് കെട്ടിടങ്ങൾ ജീർണ്ണിച്ച് നശിച്ച് സർക്കാരിന് വൻ നഷ്ടം ഉണ്ടാകാനിടയുണ്ട്. വസ്തുവകകൾ ചുറ്റുമതിൽ/വേലികെട്ടി സംരക്ഷിക്കേണ്ടത് അവ അന്യാധീനപ്പെടുന്നത് തടയുന്നതിന് അത്യാവശ്യമാണ്. ആയതിനാൽ, ഈ ഇനത്തിൽ 428.95 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

19—യന്ത്രോപകരണങ്ങൾ

പോലീസ് സേനയുടെ ആധുനികവത്ക്കരണത്തിനായി വാങ്ങുന്ന ചില ഉപകരണങ്ങൾ കേന്ദ്രഫണ്ടിൽ നിന്നും വാങ്ങാൻ സാധിക്കാത്തതിനാൽ പരിശീലനത്തിനായുള്ള തിരകളുടെ ആവശ്യം, ആധുനിക വെടിക്കോപ്പുകൾ, പോലീസ്

ആശുപത്രികളിലെ ഉപകരണങ്ങൾ, ഫോറൻസിക് സയൻസ് ലാബിലേക്കുള്ള ഉപകരണങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, കൂടാതെ ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, ശബരിമല ക്ഷേത്രം എന്നിവയുടെ സുരക്ഷയ്ക്കായുള്ള ഉപകരണങ്ങൾ എന്നിവയ്ക്കെല്ലാം അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 27,57,80,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

21.1—<u>വാഹനങ്ങൾ വാങ്ങൽ</u>

നടപ്പു സാമ്പത്തികവർഷം പോലീസ് വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് 517.96 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷം പോലീസ് വകുപ്പിലെ നിരവധി വാഹനങ്ങൾ കണ്ടം ചെയ്യേണ്ടതായും അതിനുപകരമായി പുതിയ വാഹനങ്ങൾ വാങ്ങേണ്ടതായുമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ആകെ 917.96 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി 4 കോടി രൂപയും ധനപുനർവിനിയോഗംവഴി 1 കോടി രൂപയും വാഹനം വാങ്ങുന്നതിന് ലഭിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ. (ആർറ്റി.) നമ്പർ 1928/2014/ഫിൻ. തീയതി 11-3-2014 പ്രകാരം കണ്ടിജൻസി ഫണ്ടിൽ നിന്നും 83,50,000/- രൂപയും ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

21.2—<u>വാഹനങ്ങളുടെ അറ്റകുറ്റപ്പണി</u>

വാഹനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനായി അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 111.94 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

34—<u>മറ്റ് ചെലവുകൾ</u>

ഈ ശീർഷകത്തിൽ 596.36 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 288.71 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രത്യേകം ശീർഷകം ലഭ്യമല്ലാത്ത ആവശ്യങ്ങൾക്ക് ഈ ശീർഷകത്തിൽ നിന്നാണ് തുക കണ്ടെത്തുന്നത്. എന്നതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട തുകയിൽ ബാക്കിയുള്ള 307.65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി.ഒ. (ആർറ്റി.) നമ്പർ 1928/2014/ഫിൻ. തീയതി 11-3-2014 പ്രകാരം കണ്ടിജൻസി ഫണ്ടിൽ നിന്നും 25,26,000 രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

45—<u>പി. ഒ. എൽ.</u>

വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണിയും ക്രമസമാധാന പ്രശ്നങ്ങളും അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനവും മറ്റുംമൂലം വാഹനങ്ങളുടെ ഉപയോഗം വൻതോതിൽ വർദ്ധിച്ചുവരികയാണ്. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പട്രോളിംഗ് നടത്തുവാനായി ബോട്ടുകൾ നിരന്തരം ഉപയോഗിക്കേണ്ടതായുണ്ട്. മാത്രമല്ല ഇന്ധന വില അടിക്കടി വർദ്ധിക്കുന്നതിനാൽ നടപ്പുവർഷം ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 1542.08 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി.ഒ. (ആർറ്റി.) നമ്പർ 1928/2014/ഫിൻ. തീയതി 11-3-2014 പ്രകാരം കണ്ടിജൻസി ഫണ്ടിൽ നിന്നും 4,64,60,000 രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2055-00-101-98 —സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി.
19—യന്ത്രോപകരണങ്ങൾ

ആന്റി നക്സൽ ഓപ്പറേഷൻ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

6.5 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ലഭ്യമായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2055-00-114-99 —വിവരസാങ്കേതികവിദ്യ

പോലീസ് ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ് വർക്കുകളുടെയും അറ്റകുറ്റപ്പണികൾക്കും 7000-ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് വാങ്ങി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

ശുപാർശ

2055-00-115-99—പോലീസ് സേന നവീകരിക്കുന്നതിന്

പോലീസ് സേനയുടെ നവീകരണത്തിനായി കഴിഞ്ഞവർഷം വകയിരുത്തിയിരുന്ന തുക ഫലപ്രദമായി ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല എന്ന കാര്യം സമിതി വിലയിരുത്തി. നടപ്പുവർഷം പ്ലാൻ ഇനത്തിൽ 42,09,00,000 രൂപയും(കേന്ദ്ര വിഹിതം 35,94,00,000 രൂപയും സംസ്ഥാന വിഹിതം 16,15,00,000 രൂപയും) നോൺ പ്ലാൻ ഇനത്തിൽ 46,09,00,000 രൂപയും (കേന്ദ്ര വിഹിതം 27,77,00,000 രൂപയും സംസ്ഥാന വിഹിതം 18,12,00,000 രൂപയും) ആയി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാന പ്ലാൻ പദ്ധതിയുടെ ഭാഗമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന മോഡണൈസേഷൻ ഓഫ് പോലീസ് ഡിപ്പാർട്ട്മെന്റിന് 2055-00-115-98 പ്ലാൻ ഹെഡ്ഡിൽ 1650 ലക്ഷം രൂപ ലഭിച്ചു. കൂടാതെ കേന്ദ്ര സഹായത്തോടെ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ് സ്കീം 2013-14 സാമ്പത്തിക വർഷംമുതൽ പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളായി തിരിച്ച്, പ്ലാൻ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും 29.94 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

4055-00-207-97(01) —<u>വൻകിട മരാമത്ത് പണികൾ</u>

ശ്രീകാര്യം, കരമന, തുമ്പ, പൊൻമുടി, നെയ്യാറ്റിൻകര, എഴുകോൺ, തെന്മല, മൂഴിയാർ, പുളികീഴ്, പെരിനാട്, വിയ്യപുരം, ആലൂർ, കുറത്തിക്കാട്, കരിയിലക്കുളങ്ങര, പള്ളിക്കത്തോട്, തലയോലപ്പറമ്പ്, ഉദയംപേരൂർ, തടിയിട്ടപറമ്പ്, തൃത്താല, എടക്കര, കരിപ്പൂർ, വാഴക്കാട്, ചോമ്പാല, കണ്ണവം എന്നീ 24 പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിട നിർമ്മാണത്തിന് 7.2 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114183/ഇ4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

4055-00-800-96 —<u>പോലീസ് ആസ്ഥാനമന്ദിര നിർമ്മാണം</u>

കേരള പോലീസ് ആസ്ഥാനമന്ദിരം 13 നിലകളിലായി പണിപൂർത്തിയാക്കാൻ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ 7 നിലകൾ പൂർത്തിയാക്കി ഫണ്ടിന്റെ അഭാവത്താൽ പണി നിർത്തിവെച്ചിരിക്കുകയാണ്. തിരുവനന്തപുരം സിറ്റിയിലുള്ള വിവിധ പോലീസ് ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിൽ കൊണ്ടുവന്ന് വാടകയിനത്തിൽ വരുന്ന അധികച്ചെലവ് ഒഴിവാക്കുന്നതിനും അതുമൂലമുള്ള ഭരണപരമായ സൗകര്യവും കണക്കിലെടുത്താണ് ഈ കെട്ടിടം ആസൂത്രണം ചെയ്തിരുന്നതെന്നും എന്നാൽ

ആവശ്യമായ ഫണ്ട് ലഭ്യമല്ലാതെവരികയാൽ പണി മുടങ്ങിക്കിടക്കുകയാണെന്നും 2013-14 വർഷത്തെ ബജറ്റിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ യെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഇതിന്റെ പണി ഘട്ടംഘട്ടമായി പൂർത്തി യാക്കുന്നതിനായി ഈ ശീർഷകത്തിൽ നടപ്പുവർഷംതന്നെ 5 കോടി രൂപ അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികതുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

**സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സാങ്കേതികവിദ്യ നിലവാരം ഉയർത്തൽ**

ഈ പദ്ധതി പ്രകാരമുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 65 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ സാമ്പത്തിക വർഷം 90 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

**പുതിയ സൈബർ പോലീസ് സ്റ്റേഷനുകൾ**

വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം പരിഗണിച്ച് സംസ്ഥാനത്ത് രണ്ട് സൈബർ പോലീസ് സ്റ്റേഷനുകൾ കൂടി ആരംഭിക്കുന്നതിനാവശ്യമായ തുക കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിഗണിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

**കോട്ടയത്ത് എഫ്. എസ്. എൽ. സ്ഥാപിക്കൽ**

കോട്ടയം ആസ്ഥാനമായി ഒരു എഫ്. എസ്. എൽ. സ്ഥാപിക്കുന്നതിനായി 369.16 ലക്ഷം രൂപ നടപ്പു വർഷം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/2013/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

**കോട്ടയം ജില്ലാ പോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം**

കോട്ടയം ജില്ലാ പോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന് 3.67 കോടി രൂപ 4055-207-97-(01)—മേജർ വർക്സ് എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/13/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

**സ്റ്റുഡന്റ് പോലീസ് സ്കീം**

സംസ്ഥാന സ്കൂൾ കുട്ടികൾക്ക് ട്രാഫിക് നിയമത്തിലുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും പ്രായോഗിക പരിശീലനത്തിനും പോലീസിനെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ മനസ്സിലാക്കുന്നതിനുമായി ഉദ്ദേശിച്ച നടപ്പാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് സ്കീമിനായി 2055-00-800-84 പോലീസ് വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ 3,00,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശചെയ്യുന്നു.

(ഖണ്ഡിക 68)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാന പ്ലാൻ ഫണ്ട് പദ്ധതിയുടെ ഭാഗമായി 2013-14 സാമ്പത്തികവർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീമിനായി 2055-00-800-84 എന്ന ശീർഷകത്തിൽ 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114183/ഇ 4/13/ആഭ്യന്തരം തീയതി 17-5-2014)

<u>ശുപാർശ</u>

2056 —<u>ജയിലുകൾ</u>

2056-00-001-99 —<u>ഭരണവും നടത്തിപ്പും-മേൽനോട്ടം</u>

2012-13 സാമ്പത്തികവർഷം അലോട്ട്മെന്റിന്റെ അപര്യാപ്തതമൂലം ഏകദേശം 3 കോടി 70 ലക്ഷം രൂപയുടെ ബില്ലുകൾ പെന്റിംഗിലാണെന്നതും തടവുകാരുടെ എണ്ണത്തിലുള്ള വർദ്ധനവും മരുന്നും ചികിത്സാ ചെലവും ആഹാരസാധനങ്ങളുടെയും മറ്റ് ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന അടിക്കടി വർദ്ധനവും ഇന്ധനച്ചെലവും മറ്റും കണക്കാക്കുമ്പോൾ വകയിരുത്തപ്പെട്ട തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 6,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശുപാർശ പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്)-ന്റെ പ്രൊപ്പോസൽ ആവശ്യപ്പെടുകയും ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്) "2056-ജയിലുകൾ" എന്ന ശീർഷകത്തിൽ 5,00,00,000 രൂപ അധികമായി ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ 12-3-2014-ലെ സ.ഉ. (സാധാ.) നമ്പർ 2036/14/ധന. സർക്കാർ ഉത്തരവ് പ്രകാരം "2056-101-99-34 - മറ്റ് ചെലവുകൾ" എന്ന ശീർഷകത്തിൽ 2 കോടി രൂപ കണ്ടിജൻസി ഫണ്ടിൽനിന്ന് മുൻകൂറായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 75630/ബി2/2013/ആഭ്യന്തരം തീയതി 31-5-2014)

ശുപാർശ

2058-00-001-93—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

കോഴിക്കോട് മേഖലാ സ്റ്റേഷനറി ആഫീസിന് പുതിയ കെട്ടിടം പണി പൂർത്തിയാക്കുന്നതിനും വയനാട് ജില്ലാ സ്റ്റേഷനറി ആഫീസിന് വേണ്ടി കെട്ടിടം പണിയുന്നതിനും 3.65 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതിലേക്ക് ബജറ്റിൽ തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ആവശ്യങ്ങൾക്ക് വകുപ്പ് ആവശ്യപ്പെട്ട 3.65 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 24529/എച്ച്3/13/ഉ.വി.വ. തീയതി 17-5-2014)

ശുപാർശ

2058-00-001-99—നടത്തിപ്പ്

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിനായി 2012-13 വർഷം 1,000 രൂപ സപ്ലിമെന്ററി ഗ്രാന്റായി അനുവദിച്ചിരുന്നുവെങ്കിലും മതിയായ തുക ലഭിക്കാത്തതിനാൽ പ്രസ്തുത തുക സറണ്ടർ ചെയ്യുകയുണ്ടായതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി നടപ്പുവർഷം 10,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 24529/എച്ച്3/13/ഉ.വി.വ. തീയതി 17-5-2014)

ശുപാർശ

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

19—യന്ത്രങ്ങളും ഉപകരണങ്ങളും

ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ, ഇലക്ട്രോണിക് വെയിംഗ് ബാലൻസ് തുടങ്ങിയവ വാങ്ങി നൽകുന്നതിന് വിവിധ ആഫീസുകളിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 24529/എച്ച്3/13/ഉ.വി.വ. തീയതി 17-5-2014)

ശുപാർശ

24 —സാധന സാമഗ്രികൾ

2012-13 സാമ്പത്തികവർഷം പേപ്പറുകളും സ്റ്റേഷനറി സാധനങ്ങളും വാങ്ങിയ വകയിൽ വിവിധ കമ്പനികൾക്ക് ഏകദേശം 2 കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കുടിശ്ശിക തീർക്കാനുള്ളതിനാലും കമ്പ്യൂട്ടർ കടലാസിന്റെയും ഫോട്ടോ കോപ്പിയിംഗ് പേപ്പറിന്റെയും ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും ഈ ശീർഷകത്തിൽ 18,57,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

റീഅപ്രോപ്രിയേഷൻ മുഖേന തുക കണ്ടെത്തി.

(സർക്കാർ കത്ത് നമ്പർ 24529/എച്ച്3/13/ഉ.വി.വ. തീയതി 17-5-2014)

ശുപാർശ

2058-00-103-97—സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം-പർച്ചേസ് ഓഫ് മെഷീൻ (പ്ലാൻ)

സർക്കാർ പ്രസ്സുകളിൽ അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ ഉള്ള രണ്ടു മെഷീനുകൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 24529/എച്ച്3/13/ഉ.വി.വ. തീയതി 17-5-2014)

ശുപാർശ

4058-00-103-99 —ഗവ. പ്രസ്സിനുവേണ്ടി കെട്ടിടം നിർമ്മിക്കൽ (പ്ലാൻ)

അച്ചടി വകുപ്പ് ഡയറക്ടറേറ്റിന് പുതിയതായി പണിയുന്ന കെട്ടിടത്തിന്റെ ഫർണിഷിംഗിനായി 40,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 24529/എച്ച്3/13/ഉ.വി.വ. തീയതി 17-5-2014)

<u>ശുപാർശ</u>

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്**

2070-00-003-89—<u>ഐ.എം.ജിയുടെ അടിസ്ഥാനസൗകര്യ വികസനം</u>

ഐ.എം.ജി. ബാർട്ടൻ ഹിൽ വികസനത്തിനുള്ള 6.5 കോടി രൂപയും കോഴിക്കോട് റീജിയണൽ സെന്ററിന്റെ ഹോസ്റ്റൽ പണിയാനുള്ള 5 കോടി രൂപയും ചേർത്ത് ആകെ 1150 ലക്ഷം രൂപ ഒറ്റത്തവണ അധിക കേന്ദ്രസഹായമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ബാർട്ടൻ ഹില്ലിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 12.22 കോടിയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നതായും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും ഇതിലേക്കായി 5.90 കോടി രൂപ ഐ.എം.ജി.-യുടെ പക്കലിപ്പോൾ ഉണ്ടെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 6.5 കോടി രൂപയിൽ അധിക കേന്ദ്രസഹായമായി ലഭിക്കേണ്ടുന്ന 30% തുക യഥാസമയം ലഭിക്കാതെ വരുന്നപക്ഷം അതുകൂടി സംസ്ഥാന ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

6.32 കോടി രൂപ ഐ.എം.ജി., ബാർട്ടൻ ഹില്ലിന്റെ വികസനത്തിനായും 5 കോടി രൂപ കോഴിക്കോട് റീജിയണൽ സെന്ററിൽ ഹോസ്റ്റൽ പണിയുന്നതിനുമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13960/എആർ13(1)/13/ഉ.ഭ.പ.വ. തീയതി 15-5-2014)

<u>ശുപാർശ</u>

2070-00-003-97-31—<u>സഹായധനം - ശമ്പളം</u> (പദ്ധതിയേതരയിനം)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പദ്ധതിയേതര ചെലവുകളായ ശമ്പളം, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന 437.45 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 912.55 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള സാമ്പത്തിക സ്ഥിതി പരിഗണിച്ച് അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 13960/എആർ13(1)/13/ഉ.ഭ.പ.വ. തീയതി 15-5-2014)

<u>ശുപാർശ</u>

2070-00-003-99—<u>ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം</u>

ഐ.എ.എസ്. പ്രൊബേഷനേഴ്സിന്റെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് എൽ.ബി.എസ്.എൻ.എ.എ., സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഐ.എം.ജി. എന്നീ സ്ഥാപനങ്ങൾക്ക് അവർ ആവശ്യപ്പെട്ടതനുസരിച്ചുള്ള തുക അനുവദിക്കേണ്ടതുണ്ടെന്നും ഈ വർഷം ആറ് ഐ.എ.എസ്. ഉദ്യോഗസ്ഥരെ കേരളത്തിന് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള ചെലവുകൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ അധികമായി 16,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2013-14 വർഷത്തെ ബഡ്ജറ്റ് വിഹിതമായി 20,00,000 രൂപ ആണ് അനുവദിച്ചിട്ടുള്ളത്. ഐ.എ.എസ്. പ്രൊബേഷണർമാരുടെ ട്രെയിനിംഗിനായി ടി ശീർഷകത്തിൽ 5-10-2013-ലെ സ.ഉ. (സാധാ.) നമ്പർ 7739/2013/ധന. പ്രകാരം 12.81 ലക്ഷം രൂപ അധികം തുക അനുവദിച്ചിട്ടുണ്ട്. 10-12-2013-ലെ സ.ഉ. (സാധാ.) നമ്പർ 9305/2013/ധന. പ്രകാരം ടി ശീർഷകത്തിൽ വീണ്ടും 18,000 രൂപ ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായി. 17-12-2013-ലെ സ.ഉ. (സാധാ.) നമ്പർ 9456/2013/ധന. പ്രകാരം 46,000 രൂപകൂടി ധനകാര്യ വകുപ്പ് ടി ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. അപ്രകാരം ടി ശീർഷകത്തിൽ ഇതുവരെ ധനകാര്യ വകുപ്പ് 13,45,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. 2012-2014 ബാച്ച് ഐ.എ.എസ്. പ്രൊബേഷണർ മാരുടെ പരിശീലനവുമായി ബന്ധപ്പെട്ട് ഐ.എം.ജിക്ക് ചെലവായ 2,68,100 രൂപ മാറി നൽകുന്നതിനായി ടി ശീർഷകത്തിൽ അധികം തുക വകയിരുത്തുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 23762/സ്പെഷ്യൽഎ 2/2013/പൊ.ഭ.വ. തീയതി 22-11-2013)

ശുപാർശ

2070-00-104-99—വിജിലൻസ്

04 -4 —അവധി യാത്രാനുകൂല്യം

അവധി യാത്രാനുകൂല്യം ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്ത മാണ്. ആയതിനാൽ 10,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചശേഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 9032/സി1/2013/വിജി. തീയതി 29-10-2013)

ശുപാർശ

05-4 —ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും കൂടാതെ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും കൂടി കുടിശ്ശികയായിട്ടുള്ള 10 ലക്ഷത്തോളം രൂപയുടെ ബില്ലുകൾ മാറി നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചശേഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 9032/സി1/2013/വിജി. തീയതി 29-10-2013)

ശുപാർശ

06 —വാടക, കരം, നികുതി

2013-14 സാമ്പത്തിക വർഷത്തേക്കുള്ള വിഹിതമായ 30,00,000 രൂപ തികച്ചും അപര്യാപ്തമാണ്. സ്പെഷ്യൽ സെൽ എറണാകുളം, പത്തനംതിട്ട, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ഓഫീസുകളുടെ കുടിശ്ശിക ഇനത്തിൽ 15,00,000 രൂപ നൽകാനുണ്ട്. ആയതിനാൽ 2013-14 സാമ്പത്തിക വർഷത്തിൽ 15,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചശേഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 9032/സി1/2013/വിജി. തീയതി 29-10-2013)

<u>ശുപാർശ</u>

34—<u>മറ്റു ചെലവുകൾ</u>

ഐ.എം.ജി.-യുടെ 7-3-2013 തീയതിയിലെ 1961/FAI/2012/IMG. നമ്പർ കത്ത് പ്രകാരം 8,55,084 രൂപ നൽകാനുള്ളതിനാലും State Whistle Blower Protection policy പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾക്ക് 2013-14 സാമ്പത്തികവർഷത്തേക്ക് അനുവദിച്ചിരിക്കുന്ന 2,36,000 രൂപ പര്യാപ്തമല്ലാത്തതിനാലും 10,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചശേഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 9032/സി1/2013/വിജി. തീയതി 29-10-2013)

<u>ശുപാർശ</u>

21—<u>മോട്ടോർ വാഹനങ്ങൾ</u>

അന്വേഷണ ഉദ്യോഗസ്ഥർക്ക് യാത്രാസൗകര്യം നൽകുന്നതിലേക്ക് വകുപ്പിൽ 56 വാഹനങ്ങൾ വാങ്ങേണ്ടത് അത്യാവശ്യമാണ്. 2013-14 സാമ്പത്തിക വർഷത്തെ ബജറ്റിൽ വാഹനം വാങ്ങൽ എന്ന ശീർഷകം ഉൾപ്പെടുത്തുകയോ ഇതിൽ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 2070-00-104-99-21-1 എന്ന ശീർഷകം ഉൾപ്പെടുത്തി അതിൽ 2.98 കോടി രൂപ ഈ ആവശ്യത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചശേഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 9032/സി1/2013/വിജി. തീയതി 29-10-2013)

<u>ശുപാർശ</u>

വിജിലൻസ് വകുപ്പിന്റെ കണക്കിനങ്ങൾ നിലവിൽ 'സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും' എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിലാണ് ഉൾകൊള്ളിച്ചിരിക്കുന്നത്. വിജിലൻസിന്റെ കണക്കിനങ്ങൾക്ക് ഒരു പ്രത്യേക ധനാഭ്യർത്ഥന നമ്പർ അനുവദിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 84)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ പ്രത്യേകമായി തിരിച്ചറിയാവുന്ന പ്രവർത്തനം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രതിനിധീകരിക്കാത്തതിനാൽ ബ്യൂറോയ്ക്കായി ഒരു മുഖ്യ ശീർഷകം അനുവദിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ല എന്ന് കൺട്രോളർ ജനറൽ (അക്കൗണ്ട്സ്), ധനകാര്യ വകുപ്പ്. ഭാരതസർക്കാർ അറിയിച്ചിട്ടുണ്ട്.

ഇതിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 9032/സി1/2013/വിജി. തീയതി 29-10-2013)

<u>ശുപാർശ</u>

2070-00-105-37—<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം</u>

06—<u>വാടക, കരം, നികുതി</u>

13-12-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 3646/2012/ആഭ്യന്തരം പ്രകാരം അനുവദിച്ച ജഡ്ജിയുടെ ഔദ്യോഗിക വസതിയുടെ വാടക നൽകുന്നതിലേക്ക് 1,64,000 രൂപ ഈ ശീർഷകത്തിൽ കൂടുതലായി ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1,64,000 രൂപകൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1,00,000 രൂപ അധികമായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 9481/സി3/2013/വിജി. തീയതി 12-12-2013)

ശുപാർശ

2070-00-105-55—കേരള ലോകായുക്ത, 1998

05-4 —മറ്റിനങ്ങൾ

പുതുതായി സ്ഥാനമേൽക്കുന്ന ലോകായുക്ത, ഉപലോകായുക്ത, എന്നിവർക്ക് ഔദ്യോഗിക വസതികൾ നവീകരിക്കുന്നതിനായി നിയമ പ്രകാരം 4 ലക്ഷം രൂപയും 3 ലക്ഷം രൂപയും യഥാക്രമം നൽകേണ്ടതുണ്ട്. കൂടാതെ ലോകായുക്തയുടെയും ഉപലോകായുക്തയുടെയും ഓഫീസ് മുറികളിൽ 2001-ൽ സ്ഥാപിച്ച ശീതീകരണ യന്ത്രങ്ങളുടെ കാലാവധി കഴിഞ്ഞതിനാൽ ആയവ മാറ്റി സ്ഥാപിക്കുന്നതിനായി 3,25,000 രൂപയുടെയും ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി ആകെ 10,25,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

ഇപ്പോഴത്തെ ലോകായുക്ത, ഉപലോകായുക്ത, എന്നിവർ 31-1-2014-ൽ സ്ഥാനം ഒഴിയുന്ന മുറയ്ക്ക് ഇവരുടെ ഔദ്യോഗിക വസതികൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകാൻ ലോകായുക്ത രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9481/സി3/2013/വിജി. തീയതി 12-12-2013)

ശുപാർശ

34 —മറ്റു ചെലവുകൾ

2013-14 വർഷത്തേക്ക് 6,00,000 രൂപ ആവശ്യപ്പെട്ടതിൽ 20,000 മാത്രമേ അനുവദിച്ചിട്ടുള്ളൂ. 29-11-2012-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർടി.) നമ്പർ 202/2012/വി.ജി. പ്രകാരം അഡ്വക്കേറ്റ് ശ്രീമതി രേണു, ഡി.പി.-യെ ഹൈക്കോടതിയിൽ ലോകായുക്തയുടെ സ്റ്റാന്റിംഗ് കൗൺസിലായി കേരള ലോകായുക്ത സീനിയർ ഗവൺമെന്റ് പ്ലീഡർമാരുടെ നിബന്ധനകൾക്ക് [ജി.ഒ. (പി) നമ്പർ 109/2000/വി.ജി. തീയതി 5-12-2000] വിധേയമായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും പ്രതിഫലം 9-1-2013 മുതൽ പ്രതിമാസം 35,000 രൂപയായി നിജപ്പെടുത്തിയിട്ടുള്ളതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ 4,20,000 രൂപ കൂടി 34 - മറ്റ് ചെലവുകൾ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സർക്കാർ സ്വീകരിച്ച നടപടി

4,20,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്. ടി തുക റഗുലറൈസ് ചെയ്യുന്നതിനായി റീഅപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിക്കാനും ലോകായുക്ത രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9481/സി3/2013/വിജി. തീയതി 12-12-2013)

ശുപാർശ

2070-00-105-88—സ്പെഷ്യൽ ജഡ്ജി കൂടിയായ എൻക്വയറി കമ്മീഷണർ, തിരുവനന്തപുരം

99—വിവരസാങ്കേതിക വിദ്യ

ഈ ഇനത്തിൽ 1,00,000 രൂപ ആവശ്യപ്പെട്ടെങ്കിലും 1,000 രൂപ മാത്രമാണ് അനുവദിച്ചത്. കമ്പ്യൂട്ടറുകളുടെ വാർഷിക റിപ്പയറിംഗിനും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുമായി അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അധികമായി 99,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 88)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ചേമ്പറിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനായി 22,000 രൂപ റീഅപ്രോപ്രിയേഷൻ വഴി അനുവദിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ ഇത്തരത്തിലുള്ള പദ്ധതിയേതര ചെലവുകൾ നടപ്പു വർഷ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിർത്തുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(സർക്കാർ കത്ത് നമ്പർ 9481/സി3/2013/വിജി. തീയതി 12-12-2013)

ശുപാർശ

2070-00-105-99—വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം

01-3—വീട്ടുവാടക അലവൻസ്

വഞ്ചിയൂർ ജില്ലാ കോടതി സമുച്ചയത്തിൽ പ്രവർത്തിച്ചു വന്നിരുന്ന വിജിലൻസ് ട്രൈബ്യൂണൽ, ഓഫീസ് സർക്കാർ നിർദ്ദേശ പ്രകാരം, വാടകയ്ക്ക് എടുത്ത തിരുവനന്തപുരത്ത് തൈക്കാടുള്ള റ്റി.സി. 24/3577 (1) എന്ന കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആയതിലേക്ക് വരുന്ന വാടക പ്രതിമാസം 32,000 രൂപ ക്രമത്തിൽ 2012 ഡിസംബർ മാസം മുതൽ കൊടുത്തു തീർക്കാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 89)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

4,64,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 9481/സി3/2013/വിജി. തീയതി 12-12-2013)

<u>ശുപാർശ</u>

2070-00-107-99—<u>ഹോം ഗാർഡ്സ്</u>

പോലീസിനേയും അഗ്നിശമനസേനയേയും സഹായിക്കുന്ന ഹോം ഗാർഡുകളുടെ ഇപ്പോഴത്തെ ദിവസവേതനം 350 രൂപയാണ്. ഇതിലേക്ക് നിലവിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. മാത്രമല്ല ഇവരുടെ എണ്ണം മൂവായിരത്തിൽ നിന്നും അയ്യായിരമായി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ അധികമായി ഈ സാമ്പത്തികവർഷം 12,00,00,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 90)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

12-9-2013-ലെ സ.ഉ. (എംഎസ്.) 230/13/ആഭ്യ. നമ്പർ ഉത്തരവ് പ്രകാരം ഹോം ഗാർഡുകളുടെ വേതനം 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടി രൂപ അധികമായി അനുവദിച്ചു. അതിൽ 4 കോടി രൂപ 9-1-2014-ലെ സ.ഉ. (സാധാ.) 1255/13/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം റീഅപ്രോപ്രിയേഷൻ മുഖേനയും 1 കോടി രൂപ 14-3-2014-ലെ സ.ഉ. (സാധാ.) 2074/14/ഫിൻ. നമ്പർ ഉത്തരവ് പ്രകാരവും അഡീഷണൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114239/എഫ്2/2013/ആഭ്യന്തരം തീയതി 21-5-2014)

<u>ശുപാർശ</u>

2070-00-108-90—<u>ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നി പ്രതിരോധവാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ</u> (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

കേന്ദ്ര സർക്കാർ ഒറ്റത്തവണ അധികൽ കേന്ദ്ര സഹായം 2011-2012 സാമ്പത്തിക വർഷത്തിൽ 17,73,19,000 രൂപ അനുവദിച്ചതിൽ 4,05,74,775 രൂപയും 2012-2013 സാമ്പത്തികവർഷത്തിൽ 5,00,00,000 രൂപ അനുവദിച്ചതിൽ 20,03,750 രൂപയും ചെലവഴിച്ചതായും എന്നാൽ ഭരണപരമായ കാലതാമസംമൂലം അനുവദിച്ച തുക മുഴുവനായും ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇതിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത തുക 2013-2014 വർഷത്തിൽ

അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 91)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മിനി വാട്ടർ ടെണ്ടർ വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ 2013-2014 സാമ്പത്തിക വർഷം തുക അനുവദിച്ചില്ല. എന്നാൽ 13-5-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സിന്റെ അടിസ്ഥാനത്തിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഒറ്റത്തവണ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസിൽ ലഭിക്കാനുള്ള 11,48,40,716 രൂപ അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിലേക്ക് വീണ്ടും ശുപാർശ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 114239/എഫ്2/2013/ആഭ്യന്തരം തീയതി 21-5-2014)

<u>ശുപാർശ</u>

2070-00-108-92—<u>അഗ്നിശമനവും അടിയന്തിര സർവ്വീസുകളേയും ശക്തിപ്പെടുത്തൽ</u>
(75% സെൻട്രലി സ്പോൺസേർഡ് സ്കീം)

കേന്ദ്ര സർക്കാർ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ രാജ്യത്തെ അഗ്നിശമനസേനയേയും അടിയന്തിര സർവ്വീസുകളേയും ശക്തിപ്പെടുത്തുന്നതിനായി 200 കോടി രൂപ അനുവദിച്ചതിൽ കേരളത്തിന് വിഹിതമായി 3,32,50,000 രൂപ ലഭിക്കുകയുണ്ടായെന്നും ഈ പദ്ധതിക്കായി 2010-2011 സാമ്പത്തികവർഷം 14,27,046 രൂപയും 2011-2012 സാമ്പത്തിക വർഷം 52,32,503 രൂപയും ചെലവഴിച്ചു എന്നും എന്നാൽ 2012-2013 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 2,63,67,000 രൂപ അനുവദിച്ചെങ്കിലും ഭരണപരമായ കാലതാമസംമൂലം തുക ചെലവഴിക്കുന്നതിന് വകുപ്പിന് കഴിഞ്ഞില്ല എന്നും സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയുടെ തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 2,63,67,000 രൂപ നടപ്പു സാമ്പത്തികവർഷത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ തുക ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സിന്റെ അടിസ്ഥാനത്തിൽ ഇനി

ലഭിക്കാനുള്ള 2,63,67,000 രൂപ റിലീസ് ചെയ്യുന്നതിന് ധനകാര്യ വകുപ്പിലേക്ക് വീണ്ടും അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 114239/എഫ്2/2013/ആഭ്യന്തരം തീയതി 21-5-2014)

ശുപാർശ

2070-00-108-94—അഗ്നിശമന സേനാ വകുപ്പിന്റെ നവീകരണം

പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ യഥാക്രമം 222,25,00,000 രൂപയും 2,00,00,000 രൂപയും ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടെങ്കിലും 1,10,00,000 രൂപയും 1,000 രൂപയും മാത്രമേ വകയിരുത്തിയിട്ടുള്ളു എന്ന് സമിതി മനസ്സിലാക്കുന്നു. മനില റോപ്പ്, ഫോം കോമ്പൗണ്ട് മുതലായ അഗ്നി പ്രതിരോധത്തിനും രക്ഷാപ്രവർത്തനത്തിനും ഉപയോഗിക്കുന്ന അവശ്യസാധനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 221,15,00,000 രൂപ പ്ലാൻ ഇനത്തിലും 2,00,00,000 രൂപ നോൺ പ്ലാൻ ഇനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 93)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114239/എഫ്2/2013/ആഭ്യന്തരം തീയതി 21-5-2014)

ശുപാർശ

2070-00-108-96—മറ്റ് ചെലവുകൾ

96—മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നിവയ്ക്കാണ് തുക വകയിരുത്തുന്നത്. ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം നൽകുന്നതിന് 10,00,000 രൂപ നിർദ്ദേശിച്ചിരുന്നെങ്കിലും 1,00,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 5,00,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114239/എഫ്2/2013/ആഭ്യന്തരം തീയതി 21-5-2014)

ശുപാർശ

2070-00-108-97—പരിശീലനം

ഈ ശീർഷകത്തിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ പ്രവർത്തനത്തിനുള്ള തുകയാണ് വകയിരുത്തുന്നത്. ഈ ശീർഷകത്തിൻ കീഴിൽവരുന്ന ചില കണക്കിനങ്ങളിൽ 2013-14 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അക്കാഡമിയുടെ സുഗമമായ പ്രവർത്തനത്തിനായി വിവിധ ഇനങ്ങളിലായി 43,75,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സർക്കാർ സ്വീകരിച്ച നടപടി

25-8-2013-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ.) 6832/13/ധന. നമ്പർ ഉത്തരവ് പ്രകാരം 70,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 114239/എഫ്2/2013/ആഭ്യന്തരം തീയതി 21-5-2014)

ശുപാർശ

2070-00-108-98—പ്രതിരോധവും നിയന്ത്രണവും— ജില്ലാ ജീവനക്കാർ

നടപ്പുവർഷത്തെ ചെലവുകൾ വഹിക്കുന്നതിലേക്ക് അനുവദിക്കപ്പെട്ട തുക പര്യാപ്തമല്ലാത്തതിനാൽ 1,58,65,000 രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114239/എഫ്2/2013/ആഭ്യന്തരം തീയതി 21-5-2014)

ശുപാർശ

2070-00-108-99—അഗ്നി പ്രതിരോധവും നിയന്ത്രണവും ഭരണ നടത്തിപ്പും

05-4—മറ്റിനങ്ങൾ

സംസ്ഥാനമൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനുവേണ്ട

സാധനങ്ങൾ വാങ്ങുന്നതിനും മതിയായ തുക ലഭ്യമാക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. യൂണിഫോം സാധനങ്ങൾ വാങ്ങി നൽകേണ്ടതും ജീവനക്കാരന്റെ സുരക്ഷ ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ ബാദ്ധ്യതയായതിനാൽ ഈ ശീർഷകത്തിൽ അധികമായി 1,17,85,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114239/എഫ്2/2013/ആഭ്യന്തരം തീയതി 21-5-2014)

<u>ശുപാർശ</u>

21-1—<u>മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ</u>

രക്ഷാപ്രവർത്തനം നടത്തുന്നതിന് ആധുനിക വാഹനങ്ങളുടെയും യന്ത്ര സാമഗ്രികളുടെയും ആവശ്യമുണ്ട്. എന്നാൽ ഇതിലേക്ക് മതിയായ ഫണ്ട് അനുവദിക്കാതെ കഴിഞ്ഞ കുറെ വർഷമായി ടോക്കൺ പ്രൊവിഷൻ മാത്രമാണ് വയ്ക്കാറുള്ളതെന്നും 2013-14 സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. വാഹനങ്ങളുടെയും യന്ത്രസാമഗ്രികളുടെയും അഭാവത്തിൽ ഈ സേവനമേഖലയുടെ പ്രവർത്തനശേഷി കുറഞ്ഞുവരാൻ ഇടയാകുമെന്നതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 106,31,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 114239/എഫ്2/2013/ആഭ്യന്തരം തീയതി 21-5-2014)

<u>ശുപാർശ</u>

2070-00-119-97 —<u>ഭരണഭാഷ നടപ്പാക്കൽ</u>

21-1 —<u>മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ</u>

ഔദ്യോഗികഭാഷാ വകുപ്പ് സെക്രട്ടറിക്ക് ഒരു പുതിയ കാർ വാങ്ങുന്നതിലേക്കായി 12,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

24-7-2013-ലെ 5841/ഔ.ഭാ$_1$/13/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള അനൗദ്യോഗിക കുറിപ്പ് പ്രകാരം 2013-14 സാമ്പത്തിക വർഷം 12,00,000 രൂപ അനുവദിക്കണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5841/ഔ.ഭാ1/13/ഉ.ഭ.പ.വ. തീയതി 20-11-2013)

34 —<u>മറ്റ് ചെലവുകൾ</u>

ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി സാംസ്കാരിക പരിപാടികൾ, ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം എന്നിവ സംസ്ഥാനത്തെ മുഴുവൻ ജീവനക്കാർക്കും ലഭ്യമാക്കൽ, ഭരണഭാഷാ സഹായ ഗ്രന്ഥങ്ങൾ വാങ്ങി സംസ്ഥാനതല ഓഫീസുകൾ, ജില്ലാതല ഓഫീസുകൾ, ജില്ലാ കളക്ടറേറ്റ് തുടങ്ങിയ ഓഫീസുകളിൽ വിതരണം ചെയ്യൽ, ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭരണഭാഷാ സംബന്ധമായ ലഘുലേഖകൾ, പുസ്തകങ്ങൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യൽ, ഭരണഭാഷാ വർഷാചരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയവ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു.

2012-13 വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചത് 27,28,000 രൂപയാണെന്നും പ്രസ്തുത തുകയിൽ 26,36,308 രൂപ ചെലവായിട്ടുണ്ടെന്നും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന 1,31,000 രൂപ തികച്ചും അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി ഇത് സംബന്ധിച്ച തുടർ പരിപാടികൾ നടപ്പിലാക്കുന്നതിലേക്കായി 1 കോടി 50 ലക്ഷം രൂപ കൂടി നടപ്പുവർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 100 & 101)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

24-7-2013-ലെ 5841/ഔ.ഭാ$_1$/13/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള അനൗദ്യോഗിക കുറിപ്പ് പ്രകാരം 2013-14 സാമ്പത്തികവർഷത്തേക്ക് 1 കോടി 50 ലക്ഷം രൂപ അനുവദിക്കാൻ ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5841/ഔ.ഭാ1/13/ഉഭപവ തീയതി 20-11-2013)

<u>ശുപാർശ</u>

2220-01-001-97—<u>സൂക്ഷ്മപരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണവും നവീകരണവും</u>

ന്യൂസ് ചാനലുകൾ, വെബ് പോർട്ടലുകൾ എന്നിവയിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വരുന്ന വാർത്തകൾ കൂടി യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് അനിവാര്യമായതിനാൽ ടി. വി. ചാനലുകളിലെ വാർത്തകളും മറ്റ് പരിപാടികളും യഥാസമയം റെക്കോഡ് ചെയ്ത് തുടർ നടപടിക്കായി സർക്കാരിന്

സമർപ്പിക്കുന്നതിനുള്ള പദ്ധതി പുറമെയുള്ള ഏജൻസികളുടെ സഹായത്തോടെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്ന് സമിതി മനസ്സിലാക്കുന്നു. അന്തിമ ഘട്ടത്തിലെത്തിയ പദ്ധതികൾ പൂർത്തിയാക്കുന്നതിനും ഡിജിറ്റൽ ആർക്കൈവ് സ്ഥാപിക്കുന്നതിനും നടപ്പുസാമ്പത്തികവർഷം 75 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

995/2014.

സർക്കാർ സ്വീകരിച്ച നടപടി

ചെലവുകുറഞ്ഞ സംവിധാനങ്ങൾ നിലവിലുണ്ടെന്ന നിർദ്ദേശം വന്ന സാഹചര്യത്തിൽ സ്ക്രൂട്ടിനി വിഭാഗത്തിൽ നേരത്തെ സർക്കാർ അനുമതി നൽകിയിരുന്ന പദ്ധതിയായ 'സ്ക്രൂട്ടിനി ഓഫ് ചാനൽസ്' പുനഃപരിശോധിക്കേണ്ടിവന്നു. എന്നാൽ പുതിയ പദ്ധതികൾ നിശ്ചിത കാലാവധിക്കുള്ളിൽ പ്രാവർത്തികമായില്ല. ഈ സാഹചര്യത്തിൽ കൂടുതൽ തുകയ്ക്കായി ധനവകുപ്പിനോട് ആവശ്യപ്പെട്ടില്ല.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-101-97 —പരസ്യത്തിനുള്ള ചെലവുകൾ

നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 23-12-2013-ലെ സ.ഉ. (സാധാ.) നമ്പർ 9642/13/ധന. പ്രകാരം 3 കോടി രൂപ അധികമായി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-101-99 —പ്രദർശന പരസ്യം

മാധ്യമ പ്രവർത്തകരെയും സ്ഥാപനങ്ങളെയും ബന്ധപ്പെട്ടുള്ള എല്ലാ നടപടികളും ഇ-ഗവേർണൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് പദ്ധതി തയ്യാറാക്കിവരികയാണ്. പരസ്യം നൽകൽ, പരസ്യത്തുക അനുവദിക്കൽ, പെൻഷൻ തുടങ്ങിയവ ഈ പദ്ധതിയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നു. തുക വിതരണത്തിന് ഇ-ബാങ്കിംഗ് നടപ്പാക്കുന്നതിനും നിർദ്ദേശമുണ്ട്. ഈ പദ്ധതി നടപ്പിലാകുന്നതോടെ മാധ്യമങ്ങളുമായും

പ്രവർത്തകരുമായുള്ള എല്ലാ ഇടപാടുകളിലും വേഗതയും കൃത്യതയും ഉറപ്പാക്കാവുന്ന താണെന്ന് സമിതിയിൽ വിശദീകരിക്കപ്പെട്ടു.

ഈ സാഹചര്യത്തിൽ പരസ്യക്കൂലി നൽകുന്നതിന് 5 കോടി രൂപയും പരസ്യവിഭാഗം ആധുനികവത്കരിക്കുന്നതിന് 50 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 104 & 105)

സർക്കാർ സ്വീകരിച്ച നടപടി

കൂടുതൽ തുക അനുവദിക്കുന്നതിനായി ധനവകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു വെങ്കിലും 11-10-2013-ലെ ധനവകുപ്പിന്റെ 515/2013/ധന. നമ്പർ ഉത്തരവുപ്രകാരം സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ചെലവ് നീട്ടിവയ്ക്കുവാൻ നിർദ്ദേശം നൽകുകയാണുണ്ടായത്.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-106-95 —വീഡിയോവാൾ നെറ്റ് വർക്ക്

സർക്കാരിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച പരസ്യങ്ങളും ലഘുചിത്രങ്ങളും, പൊതുജനങ്ങൾ അറിയേണ്ട വിവരങ്ങളും യഥാസമയം ജനങ്ങളിലെ ത്തിക്കുന്നതിന് പതിനാല് ജില്ലാ ആസ്ഥാനങ്ങളിലും വീഡിയോവാൾ (എൽ.ഇ.ഡി. ഡിസ്പ്ലേ സ്ക്രീൻ) സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വീഡിയോവാൾ സംവിധാനങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 400 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചതിൽ നിന്നും 32,10,334 രൂപ ചെലവിട്ട് തിരുവനന്തപുരം ഗാന്ധിപാർക്കിൽ വീഡിയോവാളിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കുകയുണ്ടായി. സ.ഉ. (സാധാ.) നമ്പർ 2105/14/ധന. തീയതി 15-3-2014 പ്രകാരം റീഅപ്രോപ്രിയേഷൻ മുഖേന ഈ ശീർഷകത്തിലേക്ക് 15,29,000 രൂപ അനുവദിച്ചിരുന്നു. 2013-14 സാമ്പത്തികവർഷ ബജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-106-98 —പ്രദർശനം

ജില്ലകളിലും തലസ്ഥാനത്തും വികസന സംരംഭങ്ങൾ സംബന്ധിച്ച പ്രദർശനം, ന്യൂഡൽഹിയിൽ ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പവലിയൻ ഒരുക്കൽ, ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിന പരേഡിൽ ടാബ്ലോ അവതരണം തുടങ്ങിയവയ്ക്കാണ് ഈ ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നത്. 2013-14 സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

സർക്കാർ സ്വീകരിച്ച നടപടി

സ.ഉ. (സാധാ.) നമ്പർ 8611/13/ധന. തീയതി 15-11-2013 പ്രകാരം 30 ലക്ഷം രൂപ
റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിരുന്നു. 70 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും പ്രസ്തുത തുക ധനവകുപ്പിൽ നിന്നും അനുവദിച്ച് കിട്ടിയില്ല.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-109-98 —വീഡിയോ പ്രചരണം

വകുപ്പിന്റെ കൈവശമുള്ളതും ഭാവിയിൽ ലഭ്യമാകുന്നതുമായ അപൂർവ്വമായ വീഡിയോ ശേഖരം ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതും പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും മന്ത്രിമാർക്കും ആവശ്യാനുസരണം എത്രയും വേഗത്തിൽ വീഡിയോ ഫൂട്ടേജുകൾ ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് വഴി വീഡിയോ നൽകാനും വീഡിയോ സെർച്ചിംഗ് ഏർപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു. ഇതിനോടകം തന്നെ ഇതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ പദ്ധതി എത്രയും വേഗം നടപ്പാക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതമായി ലഭിച്ച 1 കോടി രൂപയിൽ 4,49,400 രൂപ ഡിജിറ്റൈസേഷന്റെ ആദ്യഘട്ടത്തിനായി വിനിയോഗിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-109-99 —ഫോട്ടോ പ്രചരണം

ജില്ലാ ഓഫീസുകളിലെ കരാർ ഫോട്ടോഗ്രാഫർമാർക്കും വകുപ്പിന്റെ ആസ്ഥാനത്ത് ഫോട്ടോഗ്രാഫി ആവശ്യങ്ങൾക്കും 2013-14 വർഷത്തെ ബഡ്ജറ്റിൽ തുക

വകയിരുത്തിയിട്ടില്ല. ഫോട്ടോഗ്രാഫി വിഭാഗത്തിലെ ആർക്കൈവ്സ് വിഭാഗത്തിന്റെ ശാക്തീകരണത്തിനുള്ള നടപടികളും നെഗറ്റീവ് ഫിലിം ശേഖരം ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണെന്ന് സമിതിയിൽ വിശദീകരിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ നടപ്പ് സാമ്പത്തികവർഷം തുക വകയിരുത്താത്തതിനാൽ പദ്ധതി പൂർത്തിയാക്കുവാൻ കഴിയാതെവന്നിരിക്കുകയാണ്. മേല്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷം 55 ലക്ഷം രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഫോട്ടോ പ്രചരണം ശീർഷകത്തിൽ ബജറ്റ് വിഹിതം അനുവദിക്കാത്തതിനാൽ 50 ലക്ഷം രൂപ വീഡിയോ പ്രചരണം (2220-60-109-98) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് 5-11-2013-ലെ സ.ഉ. നമ്പർ 424/13/ഐ.പി.ആർ. പ്രകാരം ഉത്തരവായിരുന്നു.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

<u>ശുപാർശ</u>

2220-60-800-75 —<u>കേരള പത്ര പ്രവർത്തക ആരോഗ്യസുരക്ഷാ പദ്ധതി</u>

സംസ്ഥാന പത്രപ്രവർത്തകക്ഷേമ പദ്ധതിയുടെ ഭാഗമായി പത്രപ്രവർത്തകരുടെ ആരോഗ്യ സംരക്ഷണം ഉദ്ദേശിച്ചിട്ടുള്ള ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തികവർഷം 20 ലക്ഷം രൂപ അനുവദിച്ചത് പൂർണ്ണമായും ചെലവായിട്ടുണ്ട്. 1 കോടി രൂപ അധികമായി വകയിരുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള പത്രപ്രവർത്തകയൂണിയനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ആയത് സമർപ്പിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

<u>ശുപാർശ</u>

2220-60-800-81—<u>കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം 1999</u>

കേരള സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ പത്രപ്രവർത്തകർ

ഒഴികെയുള്ള തസ്തികകളിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്കുള്ള ക്ഷേമപദ്ധതിയാണിത്. 2011 ജൂലൈ വരെയുള്ള പെൻഷൻ മാത്രമാണ് ഇതുവരെ നൽകിയിട്ടുള്ളതെന്നും 2012 മാർച്ച് വരെ കുടിശ്ശിക 1.80 കോടി രൂപയോളം വരും എന്നും സമിതി മനസ്സിലാക്കുന്നു. കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തെ പെൻഷൻ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

സർക്കാർ സ്വീകരിച്ച നടപടി

9-9-2013-ലെ സ.ഉ. (സാധാ.) 7237/13/ധന. പ്രകാരം 3 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-800-89 —പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതി

ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതമായ 12 ലക്ഷത്തിന് പുറമെ സ.ഉ. (സാധാ.) നമ്പർ 8826/13/ധന. തീയതി 21-11-2013 പ്രകാരം 8,50,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം 1993

കേരള സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ വർക്കിംഗ് ജേർണലിസ്റ്റുകളായി സേവനമനുഷ്ഠിച്ചശേഷം ജോലിയിൽനിന്നും വിരമിക്കുന്നവരുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമം ലക്ഷ്യമാക്കിയാണ് ഈ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്. നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുകയ്ക്ക് പുറമെ ഈ

ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതത്തിന് പുറമെ 2,50,00,000 രൂപ 21-11-2013-ലെ സ.ഉ. (സാധാ.) നമ്പർ 8826/13/ധന. പ്രകാരം അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-800-97—പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി സംഭാവന (അവശപത്രപ്രവർത്തക പെൻഷൻ)

അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് സർക്കാരിന്റെ വിഹിതം നൽകാനാണ് ഈ തുക വകകൊള്ളിച്ചിരിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിലേക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതത്തിന് പുറമെ സ.ഉ. (സാധാ.) നമ്പർ 8826/13/ധന. തീയതി 21-11-2013 പ്രകാരം 20 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

2220-60-800-98-35—കേരള പ്രസ് അക്കാഡമി-ധനസഹായം-മൂലധന ആസ്തികൾ

2220-60-800-98-36—കേരള പ്രസ് അക്കാഡമി-ധനസഹായം-ശമ്പളേതരം

ചരിത്ര പ്രാധാന്യമുള്ള മാഗസിനുകളുടെ ഡിജിറ്റൈസേഷൻ സൗഹാർദ്ദ പരിസ്ഥിതി ക്യാമ്പസ്, ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ വികസനം തുടങ്ങിയവയ്ക്കായി 'വിഷൻ 2025' എന്ന പദ്ധതിക്ക് കേരള പ്രസ് അക്കാഡമി തുടക്കമിട്ടിട്ടുണ്ട്. ഇതിനായി ആദ്യഘട്ടത്തിൽ 2.78 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു.

ആയതിനാൽ 178 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സർക്കാർ സ്വീകരിച്ച നടപടി

അധികമായി ശുപാർശ ചെയ്തിരുന്ന തുക അനുവദിക്കുന്നതിന് എസ്റ്റിമേറ്റ് ഹാജരാക്കുവാൻ കേരള പ്രസ് അക്കാഡമിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും എസ്റ്റിമേറ്റ് പ്രസ് അക്കാഡമി സമർപ്പിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

4220-60-101-61—മീഡിയ സിറ്റി

മീഡിയ സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മീഡിയ സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ഓഫീസ് പ്രവർത്തനങ്ങൾക്കും വിദേശത്ത് മൂന്ന് പേർക്ക് പഠന യാത്രയ്ക്കും ഈ തുക മതിയാകുകയില്ല എന്ന് സമിതി വിലയിരുത്തി. ആയതിനാൽ 90 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സർക്കാർ സ്വീകരിച്ച നടപടി

മീഡിയ സിറ്റിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിക്കാത്തതിനാൽ തുടർന്നുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

4220-60-101-62—ന്യൂഡൽഹിയിലെ കേരള പവലിയന്റെ മെച്ചപ്പെടുത്തൽ

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിലെ കേരള പവലിയൻ മെച്ചപ്പെടുത്തുന്നതിനായി നടപ്പ് വർഷം 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ന്യൂഡൽഹിയിലെ പ്രത്യേക സാഹചര്യവും സാധനസാമഗ്രികളുടെ വിലയും പരിഗണിക്കുമ്പോൾ ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ഒരു കോടി രൂപകൂടി ഈ പദ്ധതിക്കായി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ

ചെയ്യുന്നു.

(ഖണ്ഡിക 117)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷം 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഇന്ത്യാ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ സ്വന്തം ചെലവിൽ കേരള പവലിയൻ നവീകരിക്കുമെന്നറിയിച്ചതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

4220-60-101-63—ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണവും മീഡിയ സെന്ററുകളുടെ നിർമ്മാണവും

2013-14 സാമ്പത്തിക വർഷത്തെ ഗവർണ്ണറുടെ നയപ്രസംഗത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും തിരുവനന്തപുരത്തെ സ്റ്റേറ്റ് ഇൻഫർമേഷൻ സെന്ററിനെ സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബായി മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിലേക്കായി പ്രത്യേക തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലകളിലെ ഇൻഫർമേഷൻ സെന്ററുകൾ ആധുനികവത്കരിച്ച് പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുന്നതിനും സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് സജ്ജമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

സർക്കാർ സ്വീകരിച്ച നടപടി

25-11-2013-ലെ സ.ഉ. (സാധാ.) നമ്പർ 459/13/ഐ.പി.ആർ. പ്രകാരം സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ ഐ.റ്റി. വകുപ്പിന്റെ പരിഗണനയിലാണ്. സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് ആരംഭിക്കുന്നതിനുള്ള മറ്റ് നടപടികളൊന്നും സ്വീകരിക്കുവാൻ 2013-14 സാമ്പത്തികവർഷം സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2014)

ശുപാർശ

4220-60-800-98—കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ നിർമ്മാണം

കോട്ടയത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്

കമ്മ്യൂണിക്കേഷന്റെ വികസനപ്രവർത്തനങ്ങൾക്കായി 50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

സർക്കാർ സ്വീകരിച്ച നടപടി

ഭൂമി ലഭ്യമാകാത്തതിനാൽ കെട്ടിടം പണിക്കുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ കൂടുതൽ തുക അനുവദിക്കാൻ ധനവകുപ്പിനോട് അഭ്യർത്ഥിച്ചതുമില്ല.

(സർക്കാർ കത്ത് നമ്പർ 31596/ബി2/13/ഐ. & പി. ആർ. തീയതി 17-5-2013)

995/2014.

ശുപാർശ

2230-01-103-11 —മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസം

നിലവിലെ ജി.സി.സി. രാജ്യങ്ങളിലെ പ്രശ്നങ്ങൾ, സൗദിയിലെ നിതാഖത് നിയമം എന്നിവമൂലം കൂടുതൽ പ്രവാസികൾ മടങ്ങിയെത്തുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഇവരുടെ പുനരധിവാസത്തിനായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി 3,00,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സർക്കാർ സ്വീകരിച്ച നടപടി

തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും സുസ്ഥിര വരുമാനം കണ്ടെത്തുന്നതിനുമായി സംസ്ഥാന സർക്കാർ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു. പ്രവാസ ജീവിതം കഴിഞ്ഞ് തിരികെയെത്തുന്ന ഭൂരിഭാഗം പ്രവാസി മലയാളികൾക്കും മതിയായ സാമ്പത്തിക ഭദ്രത പ്രവാസജീവിതം കൊണ്ട് നേടാനാവാത്ത സാഹചര്യത്തിലും തിരികെയെത്തിയശേഷം നാട്ടിൽ കുടുംബമൊത്ത് ജീവിക്കുന്നതിന് ഒരു സുസ്ഥിര വരുമാനം കണ്ടെത്തുന്നതിന് ഒരു കൈസഹായം എന്ന നിലയിലുമാണ് പ്രവാസി പുനരധിവാസ പദ്ധതിക്ക് സർക്കാർ 11-3-2013-ലെ ജി.ഒ. (ആർറ്റി.) 75/2013/നോർക്ക രൂപം നൽകിയിട്ടുള്ളത്. ഇതിനായി സംസ്ഥാനത്ത് നിലവിലുള്ള സ്വയം സംരംഭക മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ക്ഷീരവികസനം, മത്സ്യകൃഷി, ചെറുകിട വ്യാപാരം, പച്ചക്കറി കൃഷി, കോഴി വളർത്തൽ, കാർഷിക മേഖലയിലെ ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ തയ്യാറുള്ളവരും ചുരുങ്ങിയത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവരുമായ പ്രവാസികളും അത്തരം പ്രവാസികൾ ഒത്തുചേർന്ന് സംഘങ്ങളും

ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധനം ചെലവ് വരുന്ന പദ്ധതികൾക്ക് സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിന്നോ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള കെ.എഫ്.സി., കെ.എസ്.എഫ്.ഇ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പകൾ അനുവദിക്കപ്പെട്ടതും, പ്രസ്തുത വായ്പാ തവണകൾ മുടക്കംവരാതെ തിരിച്ചടയ്ക്കുകയും ചെയ്യുന്ന ഗുണഭോക്താക്കൾക്ക് മൊത്തം മൂലധന തുകയുടെ 10 ശതമാനം 'ബാക്ക് എൻഡ് ' സബ്സിഡിയായി ബാങ്ക് വായ്പയിൽ ക്രമീകരിച്ച് നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2012-13 സാമ്പത്തികവർഷത്തിൽ 1 കോടി രൂപ അനുവദിക്കുകയും 2013-14 വർഷത്തിൽ 2.97 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി 2013 ജൂൺ 1 മുതൽ ജൂലൈ 15 വരെ നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിച്ചിരുന്നു. പ്രസ്തുത തീയതിക്കുള്ളിൽ 20000 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പരിശീലന പരിപാടികൾ നടത്തി സംരംഭകർക്ക് യോജിച്ച പദ്ധതികൾ കണ്ടെത്തി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ബാങ്ക് ലോണുകൾ ലഭ്യമാക്കുന്നതിന് സംരംഭകരെ സഹായിക്കുന്ന നടപടികൾ ധൃതഗതിയിൽ സ്വീകരിച്ച് വരികയാണ്. സൗദി അറേബ്യയിലെ നിതാഖത്ത് നിയമംമൂലം പ്രവാസി മലയാളികൾക്ക് ജോലി നഷ്ടപ്പെടുമെന്ന ആശങ്ക കണക്കിലെടുത്ത് തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതിയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട് [ജി.ഒ. (എംഎസ്.) 6/13/നോർക്ക തീയതി 7-11-2013].

രണ്ട് പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. 2013-14 വർഷം 1.48 കോടി രൂപ ഇതിനായി നൽകിയിട്ടുണ്ട്. കൂടുതൽ തുക ആവശ്യമായ സാഹചര്യത്തിൽ നടപ്പുവർഷം (2014-15) ബജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും
50 കോടി രൂപ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5766/ബി1/2013/നോർക്ക തീയതി 17-5-2014)

ശുപാർശ

2230-01-103-38—തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം

പ്രവാസികളുടെ യഥാർത്ഥ സ്ഥിതിവിവരക്കണക്കിന്റെ അഭാവം പല പ്രശ്നങ്ങളിലും ഇടപെടുന്നതിനും ക്ഷേമപദ്ധതികൾ രൂപീകരിക്കുന്നതിനും പലവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ മുഖേന പ്രവാസികളുടെ കണക്കെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാൽ ഈ ആവശ്യത്തിന് ഈ ശീർഷകത്തിൽ 29,99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ

ചെയ്യുന്നു.

(ഖണ്ഡിക 121)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രവാസി മലയാളികൾക്കായി വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിന് യഥാർത്ഥ സ്ഥിതിവിവരക്കണക്കിന്റെ അഭാവം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 2011-ൽ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് തയ്യാറാക്കിയ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി റിപ്പോർട്ടിലെ സ്ഥിതിവിവരക്കണക്കുകളാണ് വകുപ്പ് ആധാരമാക്കിയിരുന്നത്. 2013-ലെ നാഷണൽ ഇക്കണോമിക് സെൻസസിനോടനുബന്ധിച്ച് ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മുഖേന വിദേശ പ്രവാസി മലയാളികളുടെ ഒരു സെൻസസ് സർക്കാർ നടത്തുകയുണ്ടായി. പഞ്ചായത്ത് വാർഡുതലങ്ങളിൽ എന്യൂമറേറ്റർമാരുടെ സഹായം ലഭ്യമാക്കിയാണ് സർവ്വേ പൂർത്തീകരിച്ചത്. കൂടാതെ ഓൺലൈൻ കണക്കെടുപ്പിനും അവസരം നൽകിയിരുന്നു. ഇതിനുള്ള ചെലവുകൾക്കായി വേണ്ടി വന്ന തുക '2230-01-103-54-പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള സർവ്വേ' എന്ന അക്കൗണ്ട് ശീർഷകത്തിൽ അധികമായി അനുവദിച്ചിരുന്നു. ഈ സാഹചര്യത്തിൽ തിരികെയെത്തിയ പ്രവാസി മലയാളികളുടെ പഠനം എന്ന ശീർഷകത്തിൽ അധികം തുക ആവശ്യപ്പെടേണ്ടിവന്നില്ല.

(സർക്കാർ കത്ത് നമ്പർ 5766/ബി$_1$/2013/നോർക്ക തീയതി 17-5-2014)

<u>ശുപാർശ</u>

2230-01-103-43—<u>പ്രവാസി ക്ഷേമനിധി</u>

അംഗങ്ങളുടെ അംശദായത്തിനാനുപാതികമായി സർക്കാർ വിഹിതം അടയ്ക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 99,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

31-3-2009-ലെ സ.ഉ. (സാധാ.) നമ്പർ 81/2009/നോർക്ക പ്രകാരം 2.90 കോടി രൂപ സർക്കാർ മുൻകൂറായി ബോർഡിന് അനുവദിച്ചിരുന്നു. ഇത് 2009-ലെ കേരള പ്രവാസി ക്ഷേമനിധി നിയമത്തിലെ 4(3) വകുപ്പ് പ്രകാരം സർക്കാർ ക്ഷേമനിധിയിലേക്ക് നൽകുന്ന വിഹിതത്തിൽ (അംഗങ്ങളിൽനിന്ന് ബോർഡ് സ്വീകരിക്കുന്ന വാർഷിക അംശദായത്തിന്റെ 2 ശതമാനം) തുടർന്ന് വരുന്ന വർഷങ്ങളിൽ വകകൊള്ളിക്കണമെന്നും 2009-ലെ കേരള പ്രവാസി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 3(4) നിർദ്ദേശിക്കുന്ന

ആവശ്യങ്ങൾക്ക് മാത്രമേ ടി തുക വിനിയോഗിക്കാവൂ എന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. 2009-ലെ കേരള പ്രവാസി ക്ഷേമനിധി നിയമത്തിലെ 4(3) വകുപ്പ് പ്രകാരം സർക്കാർ ക്ഷേമനിധിയിലേക്ക് നൽകുന്ന വിഹിതത്തിൽ മേൽത്തുക പൂർണ്ണമായി തട്ടിക്കിഴിച്ചതിനുശേഷം മാത്രമേ ഇനി അധിക തുക നിക്ഷേപിക്കാൻ കഴിയുകയുള്ളൂ. ഇപ്രകാരം സർക്കാർ വിഹിതം കണക്കാക്കി അതത് വർഷം ബോർഡിലെ അക്കൗണ്ട് ക്രമീകരിച്ച് ഓരോ വർഷം സർക്കാർ നൽകേണ്ട വിഹിതം കണക്കാക്കി മുൻകൂർതന്നെ സർക്കാരിനെ അറിയിക്കാൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ബോർഡിന് നൽകിയ തുക 2013-14 വർഷത്തെ സർക്കാർ വിഹിതം അടയ്ക്കുന്നതിന് പര്യാപ്തമായതിനാൽ ബോർഡ് കൂടുതൽ തുക ആവശ്യപ്പെടുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 5766/ബി1/2013/നോർക്ക തീയതി 17-5-2014)

ശുപാർശ

2230-01-103-54—പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള സർവ്വേ

പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കേണ്ടത് നിലവിലെ സാഹചര്യത്തിൽ അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

സർക്കാർ സ്വീകരിച്ച നടപടി

2013 വർഷം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മേയ്, ജൂൺ മാസങ്ങളിൽ നാഷണൽ ഇക്കണോമിക് സെൻസസ് നടത്തുകയുണ്ടായി. പ്രസ്തുത സെൻസസ് സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ, മുനിസിപ്പൽ, പഞ്ചായത്ത് തലങ്ങളിൽ വീടുകൾ സന്ദർശിച്ച് പ്രത്യേകം നിയമിക്കുന്ന എന്യൂമറേറ്റർമാർ മുഖേനയാണ് നടത്തിയത്. സൗദി അറേബ്യയിലെ നിതാഖത്ത് നിയമം ശക്തിപ്പെടുത്തിയതിനെ തുടർന്ന് ധാരാളം പ്രവാസി മലയാളികൾക്ക് ജോലി നഷ്ടപ്പെടുന്നുവെന്നും അവർ മടങ്ങിയെത്തുമ്പോൾ സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളുണ്ടാകുമെന്നുമുള്ള റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽ വിദേശത്തുള്ള പ്രവാസി മലയാളികളുടെ യഥാർത്ഥ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുന്നതിനായി ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ആ വകുപ്പ് ഇക്കണോമിക് സെൻസസിനൊപ്പം കണക്കെടുക്കുകയും ചെയ്തു. ഇതിനായി ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ആവശ്യപ്പെട്ട 1,95,00,000 രൂപ അധികമായി ഈ അക്കൗണ്ട് ശീർഷകത്തിൽ വകയിരുത്തുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 5766/ബി1/2013/നോർക്ക തീയതി 17-5-2014)

ശുപാർശ

2230-01-103-74—പ്രവാസി മലയാളികളെ അടിയന്തരമായി തിരിച്ചുകൊണ്ടുവരാനുള്ള നിധി

ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്ന തുക അനുവദിച്ചെങ്കിലും ജി.സി.സി. രാജ്യങ്ങളിലെ ഇപ്പോഴത്തെ സ്ഥിതിയും സൗദി അറേബ്യയിലെ നിതാഖത് നിയമം ശക്തിപ്പെടുത്തലിന്റെയും സാഹചര്യത്തിൽ കൂടുതൽ പ്രവാസി മലയാളികളെ തിരിച്ചെത്തിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 83,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സർക്കാർ സ്വീകരിച്ച നടപടി

സൗദി അറേബ്യയിലെ നിതാഖത്ത് നിയമം ശക്തിപ്പെടുത്തിയതിനെത്തുടർന്ന് ജോലി നഷ്ടപ്പെടുന്ന പ്രവാസി മലയാളികളെ നാട്ടിൽ തിരികെയെത്തിക്കുന്നതിനുള്ള നടപടികളും മടങ്ങിവരവ് പഠിക്കുന്നതിനും മടങ്ങിവരുന്നവരെ സഹായിക്കുന്നതിനുമായി നോർക്ക ഹെൽപ്പ് ഡെസ്കുകൾ എയർപോർട്ടുകളിൽ ഏർപ്പെടുത്തുകയും ചെയ്യുകയുണ്ടായി. സൗദി അധികൃതർ അനുവദിച്ച ഇളവ് കാലയളവ് 3-11-2013-ൽ അവസാനിച്ചതിനെതുടർന്ന് നാട്ടിലേക്ക് മടങ്ങേണ്ടിവന്ന അർഹരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റും നൽകിയിരുന്നു. ഇതിനായി മൊത്തം 45,20,343 രൂപ ചെലവഴിക്കുകയും അധികമായി വേണ്ടിവന്ന 28,21,000 രൂപ ധനപുനർവിന്യാസത്തിലൂടെ ഈ അക്കൗണ്ട് ശീർഷകത്തിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5766/ബി1/2013/നോർക്ക തീയതി 17-5-2014)

ശുപാർശ

2225-04-102-93 —ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി

ന്യൂനപക്ഷ വിഭാഗങ്ങളിൽ വലിയൊരു വിഭാഗം വസിക്കുന്നത് ജലലഭ്യത കുറഞ്ഞ ഉയർന്ന പ്രദേശങ്ങളിലോ ശുദ്ധജലം ലഭ്യമല്ലാത്ത തീരപ്രദേശങ്ങളിലോ ആണ്. ആഗോള തലത്തിൽത്തന്നെ ജലലഭ്യത കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ, സംസ്ഥാനത്തെ എല്ലാ ന്യൂനപക്ഷ ബ്ലോക്കുകളിലും പ്രദേശങ്ങളിലും കുഴൽക്കിണറുകൾ കുഴിക്കുകവഴിയോ നിലവിലുള്ള സംവിധാനത്തിന്റെ ദീർഘിപ്പിക്കൽ, പുതിയ ജലസംഭരണികൾ

സ്ഥാപിക്കുക, ബൂസ്റ്റിംഗ് അപ് എന്നിവവഴി ഒരു പരിധിവരെയെങ്കിലും കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സാധിക്കും. ഇതിലേക്ക് പത്ത് കോടി രൂപയിലധികം വേണ്ടിവരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ അധികമായി 6,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ആവശ്യത്തിനായി അനുവദിച്ച തുക ചെലവഴിക്കുന്നമുറയ്ക്ക് സർക്കാരിന്റെ ധനസ്ഥിതികൂടി കണക്കിലെടുത്ത് മാത്രമേ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

(സർക്കാർ കത്ത് നമ്പർ 55839/എം. ഡബ്ല്യു1/13/പൊ.ഭ.വ. തീയതി 5-11-2013)

<u>ശുപാർശ</u>

2225-04-277-93—<u>ന്യൂനപക്ഷവുമായി ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണം ചെയ്യുവാൻ താല്പര്യപ്പെടുന്ന യോഗ്യരായ ഗവേഷകർക്കുള്ള ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്</u>

ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 5,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ആവശ്യത്തിനായി അനുവദിച്ച തുക ചെലവഴിക്കുന്നമുറയ്ക്ക് സർക്കാരിന്റെ ധനസ്ഥിതി കൂടി കണക്കിലെടുത്ത് മാത്രമേ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

(സർക്കാർ കത്ത് നമ്പർ 55839/എം. ഡബ്ല്യു1/13/പൊ.ഭ.വ. തീയതി 5-11-2013)

<u>ശുപാർശ</u>

2225-04-283-99—<u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് ഭവനപദ്ധതി</u>

വിവാഹമോചിതരും വിധവകളും ഉൾപ്പെടെയുള്ള കേരളത്തിലെ 1000 ന്യൂനപക്ഷ വനിതകൾക്കെങ്കിലും ഒരു വർഷം വീട് നൽകുന്നതിന് ഒരു വീടിന് രണ്ട് ലക്ഷം രൂപ എന്ന കണക്കിൽ 20 കോടി രൂപ കുറഞ്ഞത് ആവശ്യമായി വരും. ശാരീരികമോ മാനസികമോ

ആയ വൈകല്യമുള്ള മക്കളുള്ളവർ, പ്രായമായ പെൺമക്കൾ ഉള്ളവർ എന്നിവർക്ക് പദ്ധതിയിൽ പരിഗണന നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 15,00,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ആവശ്യത്തിനായി അനുവദിച്ച തുക ചെലവഴിക്കുന്നമുറയ്ക്ക് സർക്കാരിന്റെ ധനസ്ഥിതി കൂടി കണക്കിലെടുത്ത് മാത്രമേ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

(സർക്കാർ കത്ത് നമ്പർ 55839/എം. ഡബ്ല്യു1/13/പൊ.ഭ.വ. തീയതി 5-11-2013)

ശുപാർശ

4225-04-190-99—കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷന് ഓഹരി മൂലധനം

കോർപ്പറേഷന്റെ അടച്ചുതീർത്ത മൂലധനം 10 കോടി രൂപയായതിനാൽ 1.6 കോടി രൂപ അധികമായി വകയിരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1,60,00,000 രൂപകൂടി അധികമായി ഈ ഇനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

സർക്കാർ സ്വീകരിച്ച നടപടി

ഇക്കാര്യം ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 55839/എം. ഡബ്ല്യു1/13/പൊ.ഭ.വ. തീയതി 5-11-2013)

ശുപാർശ

2225-80-190-95—കേരള സംസ്ഥാന മുന്നോക്കവിഭാഗ ക്ഷേമകോർപ്പറേഷ(ക്ലിപ്തം)-നുള്ള സഹായധനം

2013-14 സാമ്പത്തികവർഷം മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു:

1. ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് പ്രോഗ്രാം .. 5 കോടി രൂപ
2. പബ്ലിക് അവയർനസ്സ് പ്രോഗ്രാം .. 1 കോടി രൂപ
3. ഡാറ്റാ ബാങ്ക് സർവ്വേ .. 1 കോടി രൂപ

4. മാര്യേജ് അസിസ്റ്റൻസ് .. 1 കോടി രൂപ

5. സ്കോളർഷിപ്പ് .. 1 കോടി രൂപ

6. മെഡിക്കൽ അസിസ്റ്റൻസ് .. 1 കോടി രൂപ

ആയതിനാൽ ആകെ 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മേല്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4225-80-190-95—കേരള സംസ്ഥാന മുന്നോക്കവിഭാഗ ക്ഷേമകോർപ്പറേഷൻ ക്ലിപ്തം

കോർപ്പറേഷന്റെ പ്രാരംഭ പ്രവർത്തനത്തിനും അടിസ്ഥാനസൗകര്യവികസനത്തിനുമായി 2013-14 സാമ്പത്തികവർഷത്തിൽ വകകൊള്ളിച്ചിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ മൂലധനസഹായമായി 5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 129, 130 & 131)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷത്തിൽ 2225-80-190-95, 4225-80-190-95 എന്നീ ശീർഷകങ്ങളിലായി 5 കോടി രൂപവീതം ബഡ്ജറ്റ് വിഹിതമായി 10 കോടി രൂപ കേരള സംസ്ഥാന മുന്നോക്കവിഭാഗ ക്ഷേമകോർപ്പറേഷ(ക്ലിപ്തം)ന് പദ്ധതി വിഹിതമായി വകയിരുത്തുകയും ആയത് പൂർണ്ണമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് 2013-14 സാമ്പത്തികവർഷം അധിക തുക കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിക്കാൻ നിർവ്വാഹമില്ല. അടുത്ത സാമ്പത്തികവർഷം കൂടുതൽ തുക കോർപ്പറേഷനായി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 30951/സി.ഡി.എൻ4/14/പൊ.ഭ.വ. തീയതി 20-5-2014)

## ഭാഗം 2

## 2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിൽ ഗവൺമെന്റിൽ നിന്നും മറുപടി ലഭിക്കാത്ത ശുപാർശ

2014-00-800-89—പതിനൊന്നാം കമ്മീഷൻ ശുപാർശയിന്മേൽ സ്ഥാപിക്കപ്പെട്ട അതിവേഗ കോടതികൾ

28 —തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാരുടെയും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും വേതനം 1-8-2012 മുതൽ 18,500 രൂപയിൽ നിന്നും 40,000 രൂപയായി

ഉയർത്തിയതിന്റെ 1-8-2012 മുതലുള്ള കുടിശ്ശിക തീർക്കുന്നതിനായി 57,19,000 (2012-13 കാലഘട്ടം) രൂപയും ഈ വർഷം വർദ്ധിപ്പിച്ച വേതനം നൽകുന്നതിലേക്കായി 98,04,000 രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 1,55,23,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

**ഉമ്മൻ ചാണ്ടി,**

*അദ്ധ്യക്ഷൻ,*

*വിഷയനിർണ്ണയ സമിതി XIV.*

തിരുവനന്തപുരം,
2014 ജൂലൈ 9.

995/2014.